**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5094** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ; ഇത് പ്രകാരം ഗുണഭോക്താവിന്റെ വീട് നിൽക്കുന്ന വസ്തുവിന്റെ ആധാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഇ.എം.എസ്സ്. ഭവന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ.(എം.എസ്സ്) നമ്പർ 207/2009-ത.സ്വ.ഭ.വ തീയതി 07.11.2009 ഉത്തരവ് പ്രകാരമുള്ള ഇ.എം.എസ്സ്. ഭവനപദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം 20.2 -ൽ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 10 വർഷത്തേക്ക് ഒഴിവാക്കുന്നതിനായി ഗുണഭോക്താവ് നിശ്ചിത മാതൃകയിൽ ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആധാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടില്ല. |
| (ബി) | കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്ത് കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (ബി) | ഇ.എം.എസ്സ് ഭവന പദ്ധതി പ്രകാരമുള്ള കരാർ റദ്ദ് ചെയ്യുന്നതിനായി ഗുണഭോക്താവ് കൈപ്പറ്റിയ തുക 12 % പലിശ സഹിതം തിരിച്ചടച്ച് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25.05.2017 ലെ 92/ഡിബി1/17/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ ഇതോടൊപ്പം ചേർക്കുന്നു. |
| (സി) | കരാർ റദ്ദ് ചെയ്ത് കിട്ടാത്തതിനാൽ ടി വസ്തു കൈമാറ്റം ചെയ്തോ ബാങ്കിൽ ഈട് വച്ചോ വായ്പ എടുക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്സ്. ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി 07.07.2010 -ലെ സ.ഉ.(സാ.ധാ) നം.2234/2010 -ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സ .ഉ.(സാ.ധാ) നം.2368/14 ത.സ്വ.ഭ.വ തീയതി 10.09.2014 പ്രകാരം തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മുഖേന നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല. |
| (ഡി) | ഗഡുക്കൾ പൂർണ്ണമായി കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ഡി) | തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം – തൊഴിലും വീടും ജനകീയ ക്യാമ്പയിൻ – ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി – പരിഷ്കരിച്ച മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ. 207/2009/തസ്വഭവ    തിരുവനന്തപുരം, തീയതി: 07–11–2009

പരാമർശം:
(1) സ.ഉ.(എം.എസ്.) നം. 34/2008/തസ്വഭവ; തീയതി. 06.02.2008.
(2) സ.ഉ.(എം.എസ്.) നം. 174/2008/തസ്വഭവ; തീയതി. 24.06.2008.
(3) സ.ഉ.(എം.എസ്.) നം. 310/2008/തസ്വഭവ; തീയതി. 22.11.2008.
(4) സർക്കുലർ നം. 192/ഡി.ബി.1/2009/തസ്വഭവ; തീയതി 01.01.2009.
(5) സ.ഉ.(എം.എസ്.) നം. 15/2009/തസ്വഭവ; തീയതി. 31.01.2009.
(6) സർക്കുലർ നം. 12466/ഡി.ബി.1/2009/തസ്വഭവ; തീയതി 02.03.2009.
(7) സർക്കുലർ നം. 26727/ഡി.ബി.1/2009/തസ്വഭവ; തീയതി 05.05.2009.
(8) സർക്കുലർ നം. 8863/ഡി.ബി.1/2009/തസ്വഭവ; തീയതി 12.05.2009.
(9) സ.ഉ.(എം.എസ്.) നം. 91/2009/തസ്വഭവ; തീയതി. 27.05.2009.
(10) സർക്കുലർ നം. 78573/ഡി.ബി.1/2008/തസ്വഭവ; തീയതി 11.06.2009.
(11) സ.ഉ.(എം.എസ്.) നം. 146/2009/തസ്വഭവ; തീയതി. 29.07.2009.
(12) സർക്കുലർ നം. 51675/ഡി.ബി.1/2009/തസ്വഭവ; തീയതി 21.08.2009.
(13) സർക്കുലർ നം. 49291/ഡി.ബി.1/2009/തസ്വഭവ; തീയതി 03.11.2009.

**ഉത്തരവ്**

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത–ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ സമഗ്ര മാർഗനിർദേശങ്ങൾ പരാമർശം 4 പ്രകാരം പുറപ്പെടുവിക്കുകയും പരാമർശം 5 മുതൽ 13 വരെയുള്ള ഉത്തരവുകളും സർക്കുലറുകളും മുഖേന ചില ഭേദഗതികൾ/വിശദീകരണങ്ങൾ നൽകുകയും ചെയ്തിരുന്നു.

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ പരിപാടികൾ എന്നിവയുടെ ഫലപ്രദമായ നടത്തിപ്പിന് ആവിഷ്കരിച്ചിട്ടുള്ള "തൊഴിലും വീടും ജനകീയ കാമ്പയിന്റെ" വിശദാംശങ്ങൾ ചർച്ചചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും മേഖലാതല ശില്പശാലകൾ 2009 സെപ്റ്റംബറിൽ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലകളിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒട്ടേറെ നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവ പരിശോധിച്ച് അധിക മാർഗനിർദേശങ്ങൾ പ്രത്യേകമായി നൽകുന്നതിനുപകരം നിലവിലുള്ള മാർഗനിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്ര മാർഗരേഖ നൽകുകയാണെങ്കിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മറ്റ് ബന്ധപ്പെട്ടവർക്കും കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്നുള്ള നിർദേശവും ഉണ്ടായിട്ടുണ്ട്.

ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഇ.എം.എസ്. ഭവനപദ്ധതിയുടെ മാർഗരേഖയ്ക്കുള്ള ഭേദഗതികളും അധിക മാർഗനിർദേശങ്ങളും നിലവിലുള്ള മാർഗനിർദേശങ്ങളും കൂടി ഉൾപ്പെടുത്തി അനുബന്ധമായി ചേർത്തിട്ടുള്ള പരിഷ്കരിച്ച മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. മുകളിൽ 1 മുതൽ 5 വരെയും 7 മുതൽ 13 വരെയും പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും

സർക്കുലറുകളും പ്രകാരം നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾക്ക് പകരമുള്ളതാണ് അനുബന്ധമായി നൽകിയിട്ടുള്ള 'പരിഷ്കരിച്ച മാർഗരേഖ' എന്നും സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
8 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9 പ്രിൻസിപ്പൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
10 സെക്രട്ടറി, സഹകരണ വകുപ്പ്
11 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
12 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
13 രജിസ്ട്രാർ, സഹകരണസംഘം
14 ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
15 കമ്മീഷണർ & സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
16 കമ്മീഷണർ, ലാൻഡ് റവന്യു
17 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
18 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
19 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
20 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
21 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
22 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
23 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
25 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
26 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
27 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
28 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
29 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
30 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
31 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
32 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
33 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
34 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
35 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
36 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
37 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
38 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
39 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്

*അനുബന്ധം*

# ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി

## പരിഷ്കരിച്ച മാർഗരേഖ

**1. ആമുഖം**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത–ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്കരിച്ചിട്ടുള്ള ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി 2009–11 കാലയളവിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**2. ഗുണഭോക്താക്കളെ കണ്ടെത്തൽ**

2.1 അർഹരായ എല്ലാ ഗുണഭോക്താക്കളും ഈ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കണം. അതോടൊപ്പം തന്നെ അനർഹർ ഉൾപ്പെട്ടിട്ടില്ലെന്നും ഉറപ്പാക്കേണ്ടതുണ്ട്. അതുകൊണ്ട് ഉദ്യോഗസ്ഥരുടെ സംഘങ്ങൾ രൂപീകരിച്ച് ഗുണഭോക്താക്കളുടെ അർഹത പ്രത്യേകം പരിശോധിച്ച് ഉറപ്പാക്കുന്ന രീതിയിലുള്ള നടപടിക്രമങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത നടപടിക്രമങ്ങൾ 2.2 മുതൽ 2.6 വരെയുള്ള ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്. അർഹതാ പരിശോധന പൂർത്തിയാക്കിയ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ പ്രക്രിയകൾ ആവർത്തിക്കേണ്ടതില്ല.

2.2 അർഹരായവരെ രണ്ട് രീതിയിൽ കണ്ടെത്തിയാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. ഒന്നാമതായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് അടിസ്ഥാനമാക്കിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതരും ഭൂരഹിത–ഭവന രഹിതരും; രണ്ടാമതായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ ഭൂരഹിതരും ഭൂരഹിത–ഭവനരഹിതരും. (ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തവരെ സംബന്ധിച്ചിടത്തോളം പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയ കുടുംബങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ അർഹരായവരുണ്ടെങ്കിൽ അവരുടെ അർഹത പരിശോധിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാണ് 01.01.2009–ലെ 192/ഡി.ബി.1/2009/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നത്. എന്നാൽ തുടർന്ന് 05.05.2009–ലെ 26727/ഡി.ബി.1/2009/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്ത മറ്റ് വിഭാഗക്കാരേയും അവരുടെ അർഹത പരിശോധിച്ച് ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുകയുണ്ടായി).

2.3 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഓവർസീയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, കൈമാറിക്കിട്ടിയവർ ഉൾപ്പെടെ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടേയും നഗരസഭകളിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാർ, കൈമാറിക്കിട്ടിയവർ ഉൾപ്പെടെ നഗരസഭകളുടെ നിയന്ത്രണത്തിലുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെയും സേവനം അർഹതാ പരിശോധനയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഒരു സംഘത്തിൽ രണ്ട് അംഗങ്ങൾ ഉണ്ടാകണം. പരിശോധനയെ സംബന്ധിച്ചിടത്തോളം രണ്ട് അംഗങ്ങൾക്കും കൂട്ടുത്തരവാദിത്വമായിരിക്കും. സംഘങ്ങൾ സ്ഥലം സന്ദർശിച്ച് ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയാണ് നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

2.4 ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (exclusion criteria) ചുവടെ വിവരിക്കുന്നു.

(1) സർക്കാർ/സ്വകാര്യ/അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങളിലെ ക്ലാസ് 1 മുതൽ ക്ലാസ് 4 വരെയുള്ള ജീവനക്കാർ, സർക്കാർ/സർവീസ് പെൻഷണർമാർ, സ്വകാര്യ/അർദ്ധസർക്കാർ/എയിഡഡ്/സഹകരണ സ്ഥാപനങ്ങളിലെ പെൻഷണർമാർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം. (പാർട്ട് ടൈം സ്വീപ്പർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള താൽക്കാലിക നിയമനം, ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ എന്നിവർ ഒഴികെ).

(2) പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം (കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലകളിലും തോട്ടം മേഖലകളിലും ജോലി ചെയ്യുന്ന സാധാരണ തൊഴിലാളികൾ ഒഴികെ).

(3) 1000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുംബം.

(4) സ്വകാര്യ ഉപയോഗത്തിനുള്ള നാലുചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം, ഒന്നിലേറെ മൂന്ന്/നാല് ചക്രവാഹനങ്ങൾ (ടാക്സിയാണെങ്കിൽ പോലും) കൈവശത്തിലുള്ള കുടുംബം.

(5) വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന ആൾ ഉള്ള കുടുംബം

(6) പട്ടികവർഗക്കാരൊഴികെ ഒരു ഏക്കറിലധികം കാർഷിക ഭൂമി കൈവശാവകാശത്തിലുള്ള കുടുംബം.

2.5 ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തവർ നിശ്ചിത ഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി അനർഹരെ ഒഴിവാക്കുന്നതിന് ഖണ്ഡിക 2.4 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമല്ലാത്ത കുടുംബങ്ങളെ ആദ്യം കണ്ടെത്തണം. തുടർന്ന് പ്രസ്തുത കുടുംബങ്ങളുടെ അർഹത മുകളിൽ വിവരിച്ചതുപോലെ ഉദ്യോഗസ്ഥരുടെ പരിശോധനാ സംഘങ്ങളെ ഉപയോഗിച്ച് പരിശോധിക്കുകയും ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുകയും വേണം. സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് ആധാരമാക്കിയ ബി.പി.എൽ. പട്ടികയിൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിരുന്ന ഏറ്റവും കുറഞ്ഞ മാർക്കെങ്കിലും (18–ഓ അതിൽ കൂടുതലോ) ലഭിക്കുന്ന കുടുംബങ്ങളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്. നിശ്ചിത മാർക്ക് ലഭിക്കാത്തവരുടെ അപേക്ഷകൾ നിരസിക്കേണ്ടതും നിരസിച്ച അപേക്ഷകളുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

2.6 പരിശോധനയെ തുടർന്ന് അർഹതപ്പെട്ട കുടുംബമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ഫോറത്തിലെ നിശ്ചിത ഭാഗത്ത് കുടുംബനാഥന്റെ/നാഥയുടെ ഒപ്പ് രേഖപ്പെടുത്തിക്കുകയും അതോടൊപ്പം കുടുംബാംഗങ്ങൾ അവരുടെ നിലവിലുള്ള വീടിനുമുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ പരിശോധനാ സംഘത്തിലെ ഉദ്യോഗസ്ഥർ എടുക്കുകയും വേണം. അതിന് ഗ്രാമപഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം വാങ്ങിയ ഡിജിറ്റൽ ക്യാമറ ഉപയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഒരു ഡിജിറ്റൽ ക്യാമറ കൂടി തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിച്ച് വാങ്ങാവുന്നതാണ്. നഗരസഭകൾക്ക് മൂന്ന് ക്യാമറകൾ വിലയ്ക്ക് വാങ്ങാവുന്നതാണ്. കൂടുതൽ ക്യാമറകൾ ആവശ്യമായി വരികയാണെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവ വാടകയ്ക്കെടുക്കാവുന്നതാണ്.

2.7 എല്ലാ പരിശോധനാ റിപ്പോർട്ടുകളും (ഫോറം I, II ) ഓഡിറ്റിനും സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന പ്രത്യേക ടീമിന്റെ പരിശോധനയ്ക്കും ലഭ്യമാക്കണം.

2.8 ഇ.എം.എസ് ഭവന പദ്ധതിയുടെ ആനുകൂല്യം അനർഹർക്ക് ലഭിച്ചതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ സബ്സിഡി ഇനത്തിൽ നൽകിയ തുകയും അതിന്റെ പലിശയും പരിശോധനാ സംഘത്തിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

2.9 പരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ ഒരു കുടുംബത്തേയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറിക്കായിരിക്കും.

## 3. അർഹതാ പരിശോധനയുടെ ഭാഗമായുള്ള സൂപ്പർചെക്ക്

3.1 ഉദ്യോഗസ്ഥരുടെ സംഘങ്ങൾ അർഹതാ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകളുടെ സാധുത ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സൂപ്പർചെക്ക് ചെയ്യേണ്ടതുണ്ട് (01.01.2009–ലെ സർക്കുലർ നം. 192/ഡി.ബി.1/2007/തസ്വഭവ). ബ്ലോക്ക് തലത്തിൽ കുറഞ്ഞത് 10 ശതമാനവും ജില്ലാതലത്തിൽ കുറഞ്ഞത് 2 ശതമാനവും റിപ്പോർട്ടുകളാണ് ഇപ്രകാരം സൂപ്പർചെക്ക് ചെയ്യേണ്ടത്. വിവിധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സൂപ്പർചെക്ക് നടത്തുന്ന പ്രക്രിയ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയായ നവംബർ 20–ന് ശേഷവും തുടരേണ്ടതുണ്ട്.

3.2 തദ്ദേശഭരണ സ്ഥാപനത്തിന്റെ എല്ലാ വാർഡുകളും ഉൾപ്പെടത്തക്ക രീതിയിലായിരിക്കണം സൂപ്പർചെക്ക് നടത്തേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ജോയിന്റ് ബി.ഡി.ഒ. (റൂറൽ ഹൗസിംഗ്), ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർമാർ മുതലായവരിൽ നിന്നും ഒരു ഉദ്യോഗസ്ഥന് ഒരു ഗ്രാമപഞ്ചായത്ത്/ഒരു ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകൾ എന്ന രീതിയിൽ ഗ്രാമപ്രദേശങ്ങളിൽ ആദ്യഘട്ട സൂപ്പർചെക്ക് നടത്തുന്നതിനുള്ള ചുമതല നൽകുവാൻ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നടപടി സ്വീകരിക്കണം. നഗരസഭകളുടെ കാര്യത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ മുതലായ ഓഫീസർമാരാണ് സൂപ്പർചെക്ക് നടത്തേണ്ടത്.

3.3 പരിശോധനാ റിപ്പോർട്ടുകളുടെ രണ്ട് ശതമാനമെങ്കിലും ജില്ലാതല ഉദ്യോഗസ്ഥരുടെ ചുമതലയിൽ രണ്ടാം ഘട്ട സൂപ്പർചെക്കിന് വിധേയമാക്കേണ്ടതാണ്. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടികവർഗ വികസന ഓഫീസർ/ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന മറ്റ് ജില്ലാതല ഓഫീസർമാർ എന്നിവരെ ഉപയോഗിച്ചാണ് രണ്ടാംഘട്ട പരിശോധന നടത്തേണ്ടത്. ഒരു ഉദ്യോഗസ്ഥന് ഒന്നോ രണ്ടോ ബ്ലോക്ക് പഞ്ചായത്തുകൾ/നഗരസഭകൾ എന്ന രീതിയിൽ ജില്ലാകളക്ടർ ചുമതല നിശ്ചയിച്ച് നൽകണം.

3.4 ഏതെങ്കിലും ഒരു പരിശോധനാ ടീം ബോധപൂർവം ക്രമക്കേട് നടത്തിയിട്ടുള്ളതായും ലിസ്റ്റിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായും സൂപ്പർചെക്കിലൂടെ കണ്ടെത്തുകയാണെങ്കിൽ ആ ടീം പരിശോധന നടത്തിയ പ്രദേശങ്ങളിൽ

പുനഃപരിശോധന (re-verification) നടത്തുന്നതിന് മറ്റൊരു ടീമിനെ തദ്ദേശഭരണ സ്ഥാപനം നിയോഗിക്കണം. അതോടൊപ്പം ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും അനർഹർക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആ തുക ഖണ്ഡിക 2.8–ൽ വിവരിച്ചിട്ടുള്ളത് പ്രകാരം പരിശോധന നടത്തിയ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 4. ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ

4.1 ഉദ്യോഗസ്ഥരുടെ സംഘങ്ങൾ രൂപീകരിച്ച് നടത്തുന്ന അർഹതാ പരിശോധന പൂർത്തിയാക്കിയതിനുശേഷം ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ട അവസാന തീയതി 2009 നവംബർ 20 ആയിരിക്കും. ഈ മാർഗരേഖയുടെ അനുബന്ധം 1–ൽ നൽകിയിട്ടുള്ള ഫോറം 1–ലെ മാതൃകയിലാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടത്.

4.2 എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ആ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 19–08–2008–ലെ സ.ഉ.(എം.എസ്.)226/2008/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.

4.3 ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം. അനർഹർ ലിസ്റ്റിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ഗ്രാമ/വാർഡ് സഭകൾക്ക് അവരെ ഒഴിവാക്കാവുന്നതാണ്. നിശ്ചിത തീയതിക്കകം ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം നേടാൻ കഴിയുന്നില്ലെങ്കിൽപോലും ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ അംഗീകാരത്തോടെ ലിസ്റ്റ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാവുന്നതാണ്. അതിനുശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയാൽ മതിയാകും.

4.4 ഗ്രാമപഞ്ചായത്തുകൾ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും നഗരസഭകൾ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓഡിനേറ്റർക്കുമാണ് ജില്ലാ ആസൂത്രണസമിതിക്കുവേണ്ടി അന്തിമ ലിസ്റ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടത്. ലിസ്റ്റിനോടൊപ്പം ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം 1–ലെ ഫോറം 2–ൽ തയ്യാറാക്കി സമർപ്പിക്കുകയും വേണം.

4.5 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടി നടപ്പാക്കുന്ന എല്ലാ ഭവനപദ്ധതികൾക്കും ഈ ലിസ്റ്റിൽനിന്നായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

## 5. സമീപനം

2009–10, 2010–11 വർഷങ്ങളിൽ കേന്ദ്ര–സംസ്ഥാന പദ്ധതികളിൽപ്പെടുത്താവുന്ന ഗുണഭോക്താക്കളെ മതിയായ അധിക വിഹിതം വകയിരുത്തി ആ പദ്ധതികളിൽ ഉൾപ്പെടുത്തുകയും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് പദ്ധതികളിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളെ ആ പദ്ധതികളിൽപ്പെടുത്തുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2009–10, 2010–11 വർഷങ്ങളിലെ പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതികളിൽ ഉൾപ്പെടുത്താവുന്നവരെ അതിൽപ്പെടുത്തുകയും അവശേഷിക്കുന്ന പട്ടികജാതി/പട്ടികവർഗക്കാർ ഉൾപ്പെടെയുള്ളവർക്ക് 2010–11 മുതൽ പത്ത് വർഷക്കാലയളവിൽ ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കുന്ന രീതിയിൽ വായ്പ ലഭ്യമാക്കി വീട്/സ്ഥലവും വീടും നൽകുകയും ചെയ്യുകയെന്നതാണ് പദ്ധതി സമീപനം. ഈ സമീപനത്തിന് അനുസൃതമായി ഗുണഭോക്താക്കളെ വിവിധ പദ്ധതികളിൽപ്പെടുത്തുകയും ലഭ്യമായ തുക കൂടി കണക്കിലെടുത്ത് വായ്പാ തുക കണക്കാക്കേണ്ടതുമായ രീതി

ചുവടെയുള്ള ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതാ കുറവുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കുന്നതാണ്.

## 6. ഗുണഭോക്താക്കളുടെ മുൻഗണന

6.1 വായ്പാ തുക ഉൾപ്പെടെ നഗരസഭാതലത്തിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന തുകയുൾപ്പെടെ ഗ്രാമപഞ്ചായത്ത് തലത്തിലും ലഭ്യമാകുന്ന മൊത്തം തുക വിനിയോഗിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന നഗരസഭകളും ഗ്രാമപഞ്ചായത്തുകളും മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതില്ല.

6.2 എന്നാൽ ഈ രീതിയിൽ ലഭ്യമാകുന്ന തുക ഉപയോഗിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണനാ പട്ടിക തയ്യാറാക്കണം. ഭവന രഹിതർ, ഭൂരഹിത–ഭവനരഹിതർ എന്നിങ്ങനെ രണ്ട് വ്യത്യസ്ത മുൻഗണനാ പട്ടികകളാണ് പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ തയ്യാറാക്കേണ്ടത്. ബി.പി.എൽ. മാർക്കിന്റെ അടിസ്ഥാനത്തിലോ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം വ്യക്തമായി നിർണ്ണയിക്കാൻ കഴിയുന്നതും സുതാര്യമായതുമായ മാനദണ്ഡങ്ങളും അവയുടെ മാർക്കും നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിലോ മുൻഗണനാ പട്ടിക തയ്യാറാക്കാവുന്നതാണ്. മുൻഗണനാ പട്ടികയ്ക്ക് ഗ്രാമ/വാർഡ് സഭകളുടെ സാധൂകരണം വാങ്ങിയാൽ മതിയാകും.

6.3 മുൻഗണനാ പട്ടിക തയ്യാറാക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂരഹിത–ഭവന രഹിതർക്ക് ആദ്യ പരിഗണന നൽകണം. അവർക്ക് ഈ വർഷം സ്ഥലവും അടുത്ത വർഷം വീടും നൽകുന്നതിനുള്ള തുക ആദ്യമേ മാറ്റിവെയ്ക്കണം. ബാക്കി തുക വിനിയോഗിച്ച് ഭവനരഹിതരുടെ ലിസ്റ്റിൽപ്പെട്ടവർക്ക് മുൻഗണനാക്രമത്തിൽ ധനസഹായം നൽകാമെങ്കിലും പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയ കുടുംബങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട അർഹരായ ആരെയും ഒഴിവാക്കാൻ പാടില്ല. ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നിർബന്ധമായും വീട് ലഭ്യമാക്കണം.

6.4 1986–ലെ വികലാംഗ നിയമപ്രകാരം പാവപ്പെട്ടവർക്കുള്ള പൊതുഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളിൽ ചുരുങ്ങിയത് മൂന്ന് ശതമാനമെങ്കിലും ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങളിൽപ്പെട്ടവർ ആകേണ്ടതുണ്ട്. മുൻഗണനാപട്ടിക തയ്യാറാക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആ നിബന്ധനയും പാലിക്കേണ്ടതാണ്.

**6.5 നഗരസഭകൾ:–** അംഗീകൃതവും അല്ലാത്തതുമായ ചേരികളിൽ വസിക്കുന്ന ഗുണഭോക്താക്കളെ 2009–10, 2010–11 വർഷങ്ങളിലെ സംയോജിത ഭവന–ചേരി വികസനം (ഐ.എച്ച്.എസ്.ഡി.പി.)/നഗരങ്ങളിലെ ദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ (ബി.എസ്.യു.പി.) പദ്ധതിയിൽപ്പെടുത്തുകയും അവശേഷിക്കുന്ന വരെ 6.3, 6.4 ഖണ്ഡികകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻഗണനാക്രമത്തിൽ ഇ.എം.എസ്. ഭവന പദ്ധതിയിൽപ്പെടുത്തി ധനസഹായം നൽകുകയും ചെയ്യുക എന്ന രീതിയാണ് അവലംബിക്കേണ്ടത്.

## 7. ഭവനരഹിതരുടെയും ഭൂരഹിത–ഭവനരഹിതരുടെയും വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിക്കൽ

ജില്ലാ ആസൂത്രണസമിതിക്കുവേണ്ടി, ഗ്രാമപഞ്ചായത്തുകളുടെ കണക്കുകൾ ബ്ലോക്ക്/ജില്ലാടിസ്ഥാനത്തിൽ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറും നഗരസഭകളുടെ കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്ററും ക്രോഡീകരിച്ച് യഥാക്രമം ഗ്രാമവികസന കമ്മീഷണർക്കും കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കും ലഭ്യമാക്കണം. ഗ്രാമവികസന

കമ്മീഷണറും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും അവ സംസ്ഥാനാടി സ്ഥാനത്തിൽ ക്രോഡീകരിച്ച് സർക്കാരിന് നൽകേണ്ടതാണ്.

## 8. ഐ.എ.വൈ. പദ്ധതിയുടെയും പട്ടികജാതി/പട്ടികവർഗ വികസനവകുപ്പ് നടപ്പാക്കുന്ന പരിപാടികളുടെയും ഭൗതിക ലക്ഷ്യം നിശ്ചയിക്കൽ

8.1 ഐ.എ.വൈ. പദ്ധതിയുടെയും പട്ടികജാതി വികസനവകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണം, ഭൂരഹിതർക്ക് സ്ഥലം എന്നീ പദ്ധതികളുടെയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെയും 2009–10 വർഷത്തെ ഭൗതിക ലക്ഷ്യം ഇതിനകം നിശ്ചയിച്ച് അറിയിച്ചുള്ളത് പ്രകാരം തന്നെയായിരിക്കും. എന്നാൽ 2010–11 വർഷത്തെ ഭൗതിക ലക്ഷ്യം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഗുണഭോക്തൃ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമവികസനം, പട്ടികജാതി വികസനം, പട്ടികവർഗ വികസനം എന്നീ വകുപ്പുകൾ പുതുക്കി നിശ്ചയിക്കുന്നതാണ്.

8.2 പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് പദ്ധതികളുടേതുൾപ്പെടെ 2010–11 വർഷത്തേക്ക് പുതുക്കി നിശ്ചയിക്കുന്ന ഭൗതിക ലക്ഷ്യത്തിന്റെ വിശദാംശങ്ങൾ ത്രിതല പഞ്ചായത്തുകളെ ഗ്രാമവികസന കമ്മീഷണറും നഗരസഭകളെ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും അറിയിക്കേണ്ടതാണ്.

## 9. ഐ.എ.വൈ. പദ്ധതിയുടെയും വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെയും നിർവഹണം

9.1 ഐ.എ.വൈ. പദ്ധതിയും വിവിധ വകുപ്പുകളുടെ പദ്ധതികളും മുൻകാല ങ്ങളിലേതുപോലെ യഥാക്രമം ബ്ലോക്ക് പഞ്ചായത്തുകളും അതത് വകുപ്പുകളും നേരിട്ട് നടപ്പാക്കുന്നതാണ്.

9.2 ഇ.എം.എസ് ഭവന പദ്ധതി ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തു കളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകളും നഗരപ്രദേശങ്ങളിൽ നഗരസഭകളുമാണ് നടപ്പാക്കേണ്ടത്.

## 10. ഭൂരഹിത–ഭവനരഹിതർക്ക് ഭൂമി ലഭ്യമാക്കൽ

10.1 ഭൂരഹിത–ഭവന രഹിതരെ സംബന്ധിച്ചിടത്തോളം ഈ വർഷം സ്ഥലവും അടുത്ത വർഷം വീടും എന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത്.

10.2 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഭുരഹിതർക്കും ഭവന നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കണം. വൈദ്യുതി, കുടിവെള്ളം മുതലായ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്ന രീതിയിൽ അഞ്ച് മുതൽ പത്ത് വരെ കുടുംബങ്ങൾക്ക് എങ്കിലും ഒരു പ്രദേശത്തുതന്നെ വീട് നിർമ്മിക്കുവാൻ സ്ഥലം കണ്ടെത്തുന്നതിന് ശ്രമിക്കാവുന്നതാണ്. ഭുമിയുടെ ലഭ്യത വളരെ കുറവും വാങ്ങാൻ കഴിയാത്ത തരത്തിൽ വില വളരെ കൂടുതലും ആയ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി മൂന്ന് നിലകൾ വരെയുള്ള ഫ്ളാറ്റുകളും പരിഗണിക്കാവുന്നതാണ്.

10.3 വീട് നിർമ്മിക്കുവാൻ സ്ഥലം ലഭിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള കുടുംബങ്ങൾക്ക് മാത്രമെ അർഹതയുണ്ടാ യിരിക്കുകയുള്ളൂ.

(1) കുടുംബം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെട്ടതാ യിരിക്കണം.

(2) കുടുംബാംഗങ്ങളിൽ ആരുടെയും പേരിൽ സ്ഥലം ഉണ്ടായിരിക്കാൻ പാടില്ല.

(3) കുടുംബാംഗങ്ങളിൽ ഒരാൾക്കുപോലും അനന്തരാവകാശമായി ഭൂമി ലഭിക്കുവാൻ സദ്ധ്യത ഉണ്ടാകരുത്.

10.4 ചുവടെ വിവരിക്കുന്നത് പ്രകാരം വിവിധ മാർഗ്ഗങ്ങളിലൂടെ ഭൂമി കണ്ടെത്തി നടപ്പുവർഷം തന്നെ ഭൂമി ലഭ്യമാക്കണം.

(1) പുറമ്പോക്ക്/മിച്ചഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമി കണ്ടെത്തി അനുവദിക്കുക: ഭൂമി കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വം ജില്ലാ കളക്ടർക്കാണെങ്കിലും ജില്ലാ കളക്ടറെ സഹായിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം ഒരു തിരച്ചിൽ സമിതി (search committee) ഉണ്ടായിരിക്കേണ്ടതാണ്.

**(i) ഗ്രാമപഞ്ചായത്ത്**

| | |
|---|---|
| 1 പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2. വില്ലേജ്ഓഫീസർ/വില്ലേജ് ഓഫീസർമാർ (ഒന്നിലേറെ വില്ലേജുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട എല്ലാ വില്ലേജ് ഓഫീസർമാരും) | മെമ്പർമാർ |
| 3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | മെമ്പർ |
| 4. സെക്രട്ടറി | കൺവീനർ |

**(ii) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ**

| | |
|---|---|
| 1. മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ | ചെയർപേഴ്സൺ |
| 2. തഹസീൽദാർ | മെമ്പർ |
| 3. കൃഷി ഓഫീസർമാർ/അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാർ | മെമ്പർമാർ |
| 4. സെക്രട്ടറി | കൺവീനർ |

മുകളിൽ പ്രതിപാദിച്ചിട്ടുള്ള അംഗങ്ങൾക്ക് പുറമെ തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നത് പ്രകാരം മറ്റ് ഉദ്യോഗസ്ഥരെയും [ഉദാ: നഗരസഭകളിൽ പ്രോജക്ട് ഓഫീസർ (യു.പി.എ.സെൽ), പട്ടികജാതി വികസന ഓഫീസർ] ജനപ്രതിനിധികളെയും സമിതിയിൽ അംഗങ്ങളാക്കാവുന്നതാണ്.

(2) തദ്ദേശഭരണ സ്ഥാപനം ധനസഹായം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവ് നേരിട്ട് ഭൂമി വാങ്ങുക: എല്ലാ ഭൂരഹിത–ഭവനരഹിതരെയും ഒരു സ്ഥലത്ത് വിളിച്ചു ചേർത്ത് ഈ രീതിയിൽ ഭൂമി ലഭ്യമാക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും അനുവദിക്കാൻ കഴിയുന്ന ധനസഹായത്തിന്റേയും അതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളുടേയും വിവരങ്ങൾ വിശദീകരിക്കുകയും വേണം. ഖണ്ഡിക 10.8–ലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്ന പരമാവധി ധനസഹായം ചുവടെ നൽകിയിരിക്കുന്നത് പ്രകാരമാണ്.

(i) പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയകുടുംബങ്ങൾ, റെയിൽവേ റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ മുതലായവർ.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | 75,000 രൂപ |
| മുനിസിപ്പാലിറ്റി | – | 90,000 രൂപ |
| കോർപ്പറേഷൻ | – | 1,00,000 രൂപ |

(ii) മറ്റുള്ളവർ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | 37,500 രൂപ |
| മുനിസിപ്പാലിറ്റി | – | 45,000 രൂപ |
| കോർപ്പറേഷൻ | – | 50,000 രൂപ |

പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം നേരിട്ട് ഭൂമി വാങ്ങാൻ തയ്യാറാകുന്നവരെ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന സമാന പരിപാടിയുടെ 2009–10, 2010–11 വർഷങ്ങളിലെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ആ വകുപ്പിനെ അറിയിക്കണം.

(3) കൂടിയാലോചനയിലൂടെ ഭൂമി വിലയ്ക്ക് വാങ്ങുക: ഈ രീതിയിൽ ഭൂമി ലഭ്യമാക്കുന്നതിന് 07.01.2008–ലെ സ.ഉ.(എം.എസ്.) 9/2008/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണം. ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സുതാര്യമായിരിക്കണം.

(4) ഭൂമി ആർജിക്കൽ നിയമം (Land Acquisition Act) പ്രകാരം ഭൂമി അക്വയർ ചെയ്യുക:

(i) മുകളിൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് മാർഗങ്ങളിലൂടെയും ഭൂമി ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ മാത്രമെ ഈ രീതി അവലംബിക്കാൻ പാടുള്ളൂ. വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായതും കുടിവെള്ളം, വൈദ്യുതി മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയുന്നതുമായ ഭൂമി ആയിരിക്കണം അക്വയർ ചെയ്യേണ്ടത്. ഭൂമി കണ്ടെത്തിയതിനുശേഷം ആ ഭൂമിയിൽ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കി ഭൂമിയുടെ മതിപ്പ് വില ഉൾപ്പെടെ ഈ മാർഗരേഖയുടെ അനുബന്ധം 1–ലെ ഫോറം 3–ൽ വിവരങ്ങൾ തയ്യാറാക്കി, ഭരണസമിതി തീരുമാനം ഉൾപ്പെടെ, ഭൂമി ആർജിക്കൽ നടപടികൾ ആരംഭിക്കുന്നതിന് ആവശ്യമായ സർക്കാർ അനുമതിക്കായി സർക്കാരിലേക്ക് നേരിട്ട് അപേക്ഷിക്കണം. ജില്ലാതലത്തിൽ മോണിട്ടർ ചെയ്യുന്നതിനുവേണ്ടി അപേക്ഷയുടെ കോപ്പി പ്രോജക്ട് ഡയറക്ടർക്ക്/ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്ക് നൽകണം. കണ്ടെത്തിയ ഭൂമി വീട് നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉൾപ്പെടെയാണ് അപേക്ഷിക്കേണ്ടത്. ഭൂമിക്ക് ആവശ്യമായ തുക വായ്പാബന്ധിത പ്രോജക്ടിന് ലഭ്യമാകുന്ന വിഹിതത്തിൽ നിന്ന് കണ്ടെത്തുന്നതാണെന്നുള്ള ഉറപ്പും മറ്റ് മാർഗങ്ങളിൽ ഭൂമി ലഭ്യമല്ലാത്തതുകൊണ്ടാണ് അക്വയർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന വിവരവും ഭരണസമിതി തീരുമാനത്തിന്റെ ഭാഗമാക്കണം.

(ii) ഭൂമി അക്വയർ ചെയ്യുന്നതിന് ആവശ്യമായ സർക്കാർ അനുമതി ലഭിച്ചു കഴിഞ്ഞാൽ നിലവിലുള്ള അതിവേഗ സംവിധാനത്തിലൂടെ (fast track system) അക്വിസിഷൻ നടപടികൾ ജില്ലാ കളക്ടർ ആരംഭിക്കണം.

10.5 കൂടിയാലോചനയിലൂടെയോ അക്വസിഷനിലൂടെയോ ലഭ്യമാക്കുന്ന ഭൂമിയുടെ വില കഴിയുന്നതും ഉദാരമതികളായ വ്യക്തികളെ/സ്ഥാപനങ്ങളെക്കൊണ്ട് സ്പോൺസർ ചെയ്യിക്കുന്നതിന് ശ്രമിക്കണം. ഇങ്ങനെ ഭൂമിയുടെ വില സംഭാവനയായി നൽകാൻ സാധ്യതയുള്ള ഉദാരമതികളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷനും അംഗങ്ങളും നേരിട്ട് സമീപിക്കുകയും അതിന് പ്രേരിപ്പിക്കുകയും വേണം. ഉദാരമതികളെ കണ്ടെത്തുന്നതിന് ജില്ലാ ആസൂത്രണ സമിതികളും പ്രത്യേക ശ്രമം നടത്തേണ്ടതാണ്. സ്പോൺസർ

ചെയ്യുന്ന വ്യക്തിയെക്കൊണ്ട് ഭൂമിയുടെ വില ഉടമസ്ഥന് നേരിട്ട് നൽകുകയെന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.

10.6 തദ്ദേശഭരണ സ്ഥാപനം കണ്ടെത്തുന്ന റവന്യൂഭൂമി അനുവദിച്ചു നൽകേണ്ടത് ജില്ലാ കളക്ടറാണ്. അതുപോലെ കൂടിയാലോചനയിലൂടെ വിലയ്ക്ക് വാങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെ വില ജില്ലാ കളക്ടർ നിശ്ചയിച്ച് നൽകേണ്ട തുമുണ്ട്. ഇത്തരം കാര്യങ്ങളിൽ കാലതാമസം കൂടാതെ ജില്ലാതലത്തിൽ തീരുമാനമെടുക്കാൻ കഴിയണം.

10.7 കണ്ടെത്തിയ റവന്യൂ ഭൂമിയുടെയും കൂടിയാലോചനയിലൂടെ വിലയ്ക്ക് വാങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെയും വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും നഗരസഭകൾ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്കും ഈ മാർഗരേഖയുടെ അനുബന്ധം 1–ലെ ഫോറം 4, 5 എന്നിവയിൽ തയ്യാറാക്കി റിപ്പോർട്ട് ചെയ്യണം. പ്രോജക്ട് ഡയറക്ടറും ജില്ലാ മിഷൻ കോ–ഓർഡിനേറ്ററും ജില്ലാകളക്ടറുടെ അംഗീകാരം നേടിയെടുക്കുന്നതിന്/വിലനിശ്ചയിക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. റവന്യൂ/സർക്കാർ ഭൂമി അനുവദിക്കുന്നതിലോ കൂടിയാലോചനയിലൂടെ ഭൂമി വിലയ്ക്ക് വാങ്ങുന്ന തിലോ സർക്കാർ തലത്തിൽ നടപടി ആവശ്യമാണെങ്കിൽ പ്രോജക്ട് ഡയറക്ടർ/ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്യണം.

10.8 ***ഭൂമിയുടെ വിസ്തൃതി:–*** ഗുണഭോക്താവ് ഭൂമി വിലയ്ക്ക് വാങ്ങുക, തദ്ദേശ ഭരണ സ്ഥാപനം ഭൂമി അനുവദിച്ച് (വിലയ്ക്ക് വാങ്ങി/അക്വയർ ചെയ്ത്/റവന്യൂ ഭൂമി കണ്ടെത്തി) നൽകുക ഇവയിൽ ഏത് രീതിയാണെങ്കിലും ഭൂമിയുടെ കുറഞ്ഞ വിസ്തൃതി ഗ്രാമ പ്രദേശങ്ങളിൽ രണ്ട് സെന്റും നഗര പ്രദേശങ്ങളിൽ ഒന്നര സെന്റും ആയിരിക്കണം. തദ്ദേശഭരണ സ്ഥാപനം ഭൂമി അനുവദിക്കുന്ന സംഗതിയിൽ ഉയർന്ന വിസ്തൃതി നാല് സെന്റ് ആയിരിക്കും. ഗുണഭോക്താവ് നേരിട്ട് വാങ്ങുന്ന അവസരത്തിൽ ഭൂമിയുടെ വിസ്തൃതി ഗ്രാമപ്രദേശങ്ങളിൽ രണ്ട് മുതൽ നാല് സെന്റ് വരെയും നഗരപ്രദേശങ്ങളിൽ ഒന്നര മുതൽ നാല് സെന്റ് വരെയും ആണെങ്കിൽ ആധാര പ്രകാരമുള്ള വില അനുവദനീയമായ പരമാവധി തുകയിൽ പരിമിതപ്പെടുത്തി ധനസഹായമായി അനുവദിക്കാവുന്നതാണ്. നാല് സെന്റിൽ കൂടുതൽ ഭൂമി വിലയ്ക്ക് വാങ്ങുകയാണെങ്കിൽ ആധാര പ്രകാരമുള്ള വിലയെ അടിസ്ഥാനമാക്കി നാല് സെന്റിന് ആനുപാതികമായ വിലയോ അനുവദനീയമായ പരമാവധി ധനസഹായമോ ഏതാണോ കുറവ് അതു മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

10.9 ഖണ്ഡിക 10.4–ൽ വിവരിച്ചിട്ടുള്ള നാല് മാർഗ്ഗങ്ങളിലൂടെയും ഭൂമി കണ്ടെത്തുവാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ ഓരോ മാർഗത്തിലും ലഭ്യമാക്കാൻ കഴിയുന്ന ഭൂമിയിൽ പട്ടികജാതി വികസന വകുപ്പിന്റെ പരിപാടിക്ക് ശുപാർശ ചെയ്തവർ ഒഴികെ എത്ര കുടുംബങ്ങൾക്ക് സ്ഥലം നൽകാൻ കഴിയും, ഏതൊക്കെ കുടുംബങ്ങളെയാണ് ഉൾപ്പെടുത്താൻ കഴിയുക എന്നിവയെ സംബന്ധിച്ച് മുൻകൂട്ടി ധാരണയുണ്ടാക്കുകയും വേണം.

10.10 സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കാൻ കഴിയുന്ന ഭൂമി ഒഴികെ തദ്ദേശഭരണ സ്ഥാപനം വില നൽകുകയോ ഗുണഭോക്താവിന് ധനസഹായം നൽകുകയോ ചെയ്യേണ്ട ഭൂമിക്ക് ആകെ എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കണം. വിലയ്ക്ക് വാങ്ങുന്ന/അക്വയർ ചെയ്യുന്ന ഭൂമിയുടെ കാര്യത്തിൽ മതിപ്പ് വിലയെ അടിസ്ഥാനമാക്കി കണക്കുകൾ തയ്യാറാക്കേണ്ടതാണ്.

10.11 ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിക്കൊണ്ട് 16.07.2009-ലെ സ.ഉ.(പി)നം.129/2009/ടി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒടുക്കേണ്ടതില്ല.

10.12 വിവിധ മാർഗങ്ങളിലൂടെ ഭൂമി ലഭ്യമാക്കുന്നതിന്റെ പുരോഗതി, ഇ.എം.എസ് ഭവന പദ്ധതിയുടെ ജില്ലാതല പ്രോഗ്രാം മാനേജുമെന്റ് കമ്മിറ്റി രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും അവലോകനം ചെയ്യണം. ആവശ്യമെങ്കിൽ ആ യോഗത്തിലേക്ക് ബന്ധപ്പെട്ട തഹസീൽദാർമാരെയും ക്ഷണിക്കാവുന്നതാണ്.

## 11. ഭവന നിർമ്മാണം (ഭൂരഹിത-ഭവന രഹിതർ ഉൾപ്പെടെ)

### 11.1 പുതിയ വീടിന്റെ തറ വിസ്തൃതി

(1) ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി പദ്ധതികളെ സംബന്ധിച്ചിടത്തോളം ആ പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ ബാധകമായിരിക്കും.

(2) ഐ.എ.വൈ.പദ്ധതി ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മറ്റ് ഭവന പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന വീടിന്റെ തറ വിസ്തൃതി കുറഞ്ഞത് 25 ചതുരശ്ര മീറ്ററും കൂടിയത് 40 ചതുരശ്ര മീറ്ററും ആയിരിക്കണം. ഗുണഭോക്താക്കളെ കടക്കെണിയിലാക്കുന്ന സാഹചര്യം ഒഴിവാക്കാനും അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കാതിരിക്കാനും വേണ്ടിയാണ് തറവിസ്തൃതിക്ക് കൂടിയ പരിധി നിർദ്ദേശിച്ചിട്ടുള്ളത്.

### 11.2 ***സബ്സിഡി മാനദണ്ഡങ്ങൾ***

(1) ഐ.എച്ച്.എസ്.ഡി.പി./ബി.എസ്.യു.പി. പദ്ധതികളെ സംബന്ധിച്ചിടത്തോളം ആ പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കുകളും മാനദണ്ഡങ്ങളും ബാധകമായിരിക്കും.

(2) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് അനുവദനീയമായ സബ്സിഡി തുക ചുവടെ നൽകിയിട്ടുള്ളത് പ്രകാരമാണ്.

| | |
|---|---|
| പൊതുവിഭാഗം | – 75,000 രൂപ |
| പട്ടികജാതി | – 1,00,000 രൂപ |
| പട്ടികവർഗ്ഗം | – 1,25,000 രൂപ |
| ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം | – 1,00,000 രൂപ |
| ആശ്രയ കുടുംബം | – 1,25,000 രൂപ |

എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.) എന്നിവ ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ ഭവന പരിപാടികൾക്കും ഈ നിരക്കുകൾ ബാധകമായിരിക്കും. സംസ്ഥാന/കേന്ദ്ര വിഹിതത്തിന് ഉപരിയായി നൽകേണ്ട തുക (അധികവിഹിതം) തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം.

2009-10, 2010-11 വർഷങ്ങളിലെ ഐ.എ.വൈ. പദ്ധതിയുടെ അധികവിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25 : 50 : 25 എന്ന അനുപാതത്തിൽ വകയിരുത്തണം.

എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം പുനർനിർമ്മിക്കേണ്ട വീടുകൾക്ക് വേണ്ട അധിക വിഹിതം (പൊതുവിഭാഗം – 37,500 രൂപ, പട്ടികജാതി/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം – 50,000 രൂപ; പട്ടികവർഗ്ഗം/ആശ്രയ കുടുംബങ്ങൾ – 62,500 രൂപ) ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകളും നഗരപ്രദേശങ്ങളിൽ നഗരസഭകളും 2009–10–ൽ തന്നെ വകയിരുത്തണം.

ഈ നിരക്കുകൾക്ക് 01.04.2009 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും ആ തീയതി മുതൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതുമാണ്.

ഭവന നിർമ്മാണത്തിന് അനുവദനീയമായ പരമാവധി ധനസഹായം നൽകണം. അർഹതപ്പെട്ടവർക്ക് മാത്രമേ ധനസഹായം ലഭിക്കുന്നുള്ളൂവെന്നും ലഭിക്കുന്ന ധനസഹായം വിനിയോഗിച്ച് വീട് നിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനാണ് ഇപ്രകാരം പരമാവധി ധനസഹായം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പ്രോജക്ടുകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ലെന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്. എന്നാൽ അട്ടപ്പാടി സംയോജിത പട്ടികവർഗ വികസന പ്രോജക്ട് പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് കുടുംബത്തിലെ അംഗസംഖ്യയ്ക്ക് അനുസൃതമായി വീടിന്റെ വിസ്തീർണ്ണം നിശ്ചയിച്ച് അതുപ്രകാരം യഥാർത്ഥ നിർമ്മാണ ചെലവ് (actual cost) അനുവദിക്കുന്നതരത്തിലുള്ള ഭവന നിർമ്മാണ പദ്ധതി ഫലപ്രദമായി നടപ്പാക്കി വരുന്നുണ്ട്. പ്രതിഫലം കൂടാതെ പ്രവർത്തിക്കുന്നതും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ ഏജൻസികൾ മുഖേനയാണ് വീട് നിർമ്മിച്ചു നൽകുന്നത്. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പട്ടികവർഗ കുടുംബങ്ങൾക്ക് അനുവദിക്കുന്ന വീടുകളും ഇതേ മാതൃകയിൽ നടപ്പാക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് സൗഹൃദമായി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിലായിരിക്കണം അവർക്കുവേണ്ടി വീടുകളും കുളിമുറികളും നിർമ്മിക്കേണ്ടത്.

(3) **ഫ്ളാറ്റുകൾ**

(i) ഐ.എച്ച്.എസ്.ഡി.പി./ബി.എസ്.യു.പി. പദ്ധതികൾ പ്രകാരം ഫ്ളാറ്റുകൾ നിർമ്മിക്കുന്ന അവസരത്തിൽ ആ പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് ബാധകമായിരിക്കും.

(ii) നഗരസഭകളും ഗ്രാമപഞ്ചായത്തുകളും ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് (ഒരു വീടിന് പരമാവധി 1.30 ലക്ഷം രൂപ) അവലംബിക്കാവുന്നതാണ്.

11.3 ഭവന നിർമ്മാണത്തിന്റെ നിർവഹണ പുരോഗതി സർട്ടിഫിക്കറ്റ് നൽകുന്നതനുസരിച്ച് ചുവടെ പ്രതിപാദിക്കുന്നതുപ്രകാരം നാല് ഗഡുക്കളായി സബ്സിഡി തുക അനുവദിക്കാവുന്നതാണ്.

| ഗഡുക്കൾ | സബ്സിഡി തുക (ശതമാനത്തിൽ) | പൂർത്തിയാക്കേണ്ട ഘട്ടം |
|---|---|---|
| 1 | 30 | സ്ഥലമൊരുക്കൽ, അടിത്തറ (foundation) നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ |
| 2 | 40 | അടിത്തറയുടെ പൂർത്തീകരണം |
| 3 | 20 | മേൽക്കൂരയുടെ പൂർത്തീകരണം |
| 4 | 10 | വാതിലുകൾ, ജനലുകൾ മുതലായവ ഉറപ്പിക്കൽ |

11.4 റവന്യൂ വകുപ്പ് നടപ്പാക്കുന്ന സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭവനനിർമ്മാണം, മത്സ്യ വകുപ്പ് നടപ്പാക്കുന്ന ദേശീയ മത്സ്യതൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണം, പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണം, കേന്ദ്ര പദ്ധതികൾ മുതലായ പദ്ധതികളുടെ 2009–10, 2010–11 വർഷങ്ങളിലെ ഗുണഭോക്താക്കളെ നിശ്ചയിച്ച് അതത് പദ്ധതികളിൽപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകളെ/ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയും 2009–10, 2010–11 വർഷങ്ങളിലെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതികളിൽ ഏറ്റെടുക്കാവുന്ന ഗുണഭോക്താക്കളെ അവയിൽപ്പെടുത്തുകയും വേണം. അവശേഷിക്കുന്ന പട്ടികജാതി–പട്ടികവർഗക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കി വീട് നൽകണം. ഗുണഭോക്താക്കളെ വിവിധ പദ്ധതികളിൽപ്പെടുത്തുന്നതിന്റെ കണക്കുകൾ ചുവടെ നൽകിയിട്ടുള്ള പട്ടികപ്രകാരം കണക്കാക്കാവുന്നതാണ്.

(എണ്ണം)

| ക്രമ നം. | ഇനം | | പൊതു വിഭാഗം | പട്ടിക ജാതി | പട്ടിക വർഗം | ആകെ (3+4+5) |
|---|---|---|---|---|---|---|
| (1) | (2) | | (3) | (4) | (5) | (6) |
| 1 | എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ | | | | | |
| 2 | ഭൂരഹിതർ ഉൾപ്പെടെ ആകെ ഗുണഭോക്താക്കൾ (ലക്ഷം വീട് ഗുണഭോക്താക്കൾ ഒഴികെ) | | | | | |
| 3 | സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭവനനിർമ്മാണം | 2009–10 | | | | |
| | | 2010–11 | | | | |
| | | ആകെ | | | | |
| 4 | മത്സ്യവകുപ്പ് പദ്ധതി | 2009–10 | | | | |
| | | 2010–11 | | | | |
| | | ആകെ | | | | |
| 5 | പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് പദ്ധതി | 2009–10 | –– | | | |
| | | 2010–11 | –– | | | |
| | | ആകെ | –– | | | |
| 6 | കേന്ദ്ര പദ്ധതി (ഐ.എ.വൈ./ ഐ.എച്ച്.എസ്.ഡി.പി./ ബി.എസ്.യു.പി.) | 2009–10 | | | | |
| | | 2010–11 | | | | |
| | | ആകെ | | | | |
| 7 | വിവിധ പദ്ധതികളിൽപ്പെടുത്തിയ ഗുണഭോക്താക്കൾ (3+4+5+6) | | | | | |
| 8 | അവശേഷിക്കുന്ന ഗുണഭോക്താക്കൾ (2–7) | | | | | |

കുറിപ്പ്: ഇനം 8 പ്രകാരം കണക്കാക്കുന്നതിൽ പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ ഉപപദ്ധതി പ്രകാരം വീട് നൽകാൻ കഴിയുന്നവരെ അതിൽപ്പെടുത്തുകയും അവശേഷിക്കുന്ന പട്ടികജാതി-പട്ടികവർഗക്കാർ ഉൾപ്പെടെയുള്ള എല്ലാ ഗുണഭോക്താക്കളെയും വായ്പാബന്ധിത പ്രോജക്ടിൽ ഉൾപ്പെടുത്തുകയും വേണം.

11.5 പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ വീട് നിർമ്മാണം.

(1) എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ 2009-10, 2010-11 വർഷങ്ങളിൽ ലഭിക്കുന്ന പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് ഏറ്റവും അനിവാര്യ പരിപാടികൾക്ക് ആവശ്യമായ വിഹിതം നീക്കിവെച്ചതിനുശേഷമുള്ള ബാക്കി തുക പൂർണ്ണമായും ഭവന നിർമ്മാണ മേഖലയ്ക്ക് മാറ്റിവെയ്ക്കണം. ഇതിനകം അംഗീകാരം നേടിയ 2009-10-ലെ പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും ഈ രീതിയിൽ നിർബന്ധമായും ഭേദഗതി ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

(2) പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് 2009-10, 2010-11 വർഷങ്ങളിൽ നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും നിശ്ചയിച്ച് അറിയിക്കണം.

(3) പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് വേണ്ട അധിക തുക ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2009-10-ലെ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് ആദ്യമേ മാറ്റിവെയ്ക്കണം.

**(4) ഗ്രാമപ്രദേശങ്ങളിൽ വിഹിതങ്ങളുടെ സമന്വയം:-**

(i) 2009-10, 2010-11 വർഷങ്ങളിലെ ഐ.എ.വൈ. പദ്ധതിയുടെ പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വേണ്ട അധിക വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അതതു വർഷം വകയിരുത്തണം. ഏതെങ്കിലും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന് ഈ നിരക്കിൽ വിഹിതം വകയിരുത്തുവാൻ കഴിയുന്നില്ലെങ്കിൽ ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ കണക്കുകൾ സർക്കാർ പരിശോധിച്ചതിനുശേഷം പട്ടികജാതി വികസന വകുപ്പിന്റെയും പട്ടിക വർഗ വികസന വകുപ്പിന്റെയും ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള സഞ്ചിതനിധിയിൽ/കോർപ്പസ് ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതാണ്.

(ii) ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഐ.എ.വൈ. പദ്ധതിയിലെ പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളുടെ 2009-10, 2010-11 വർഷങ്ങളിലെ അധിക വിഹിതം അതത് വർഷങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് കൈമാറണം.

(iii) പട്ടികജാതി/പട്ടികവർഗ വികസന പദ്ധതിക്കും ഐ.എ.വൈ. പദ്ധതിക്കും പുറമെ ഗ്രാമപഞ്ചായത്തുകളുടെ മാത്രം 2009-10, 2010-11 വർഷങ്ങളിലെ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് ഖണ്ഡിക 11.4-ലെ പട്ടികയിൽ ഇനം 8 പ്രകാരം കണക്കാക്കുന്നതിൽ എത്ര പട്ടികജാതി/പട്ടികവർഗക്കാർക്ക് വീട് നൽകാൻ കഴിയുമെന്ന് പരിശോധിക്കണം. പട്ടികജാതി-പട്ടികവർഗക്കാർക്ക് വീട് നൽകാൻ ഇനിയും തുക ആവശ്യമാണെങ്കിൽ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യണം.

(iv) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഐ.എ.വൈ. പദ്ധതിക്ക് ആവശ്യമായത് കഴിച്ചുള്ള ബാക്കി തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം. ഈ രീതിയിൽ ഓരോ വർഷവും (2009–10, 2010–11) എത്ര തുക എസ്.സി.പി.യിലും ടി.എസ്.പി.യിലും കൈമാറാൻ കഴിയുമെന്ന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറെ അറിയിക്കണം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനായി മാറ്റിവയ്ക്കുന്ന തുക ഖണ്ഡിക 14.4.2–ലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ പട്ടികജാതി/ പട്ടികവർഗക്കാരുടെ ഭവനനിർമ്മാണത്തിന് അധികം ആവശ്യമായ തുകയ്ക്ക് ആനുപാതികമായി ജില്ലാ ആസൂത്രണ സമിതി വിഭജിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന തുക വിനിയോഗിച്ച് എത്ര പട്ടികജാതി–പട്ടികവർഗ ഗുണഭോക്താക്കൾക്ക് കൂടി വീട് നൽകാൻ കഴിയുമെന്ന് ഗ്രാമപഞ്ചായത്തുകൾ പരിശോധിക്കണം.

(5) നഗരസഭകളെ സംബന്ധിച്ചിടത്തോളം 2009–10, 2010–11 വർഷങ്ങളിലെ ഐ.എച്ച്.എസ്.ഡി.പി./ബി.എസ്.യു.പി. പദ്ധതിയിലെ പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളുടെ നഗരസഭാ വിഹിതം നഗരസഭകളുടെ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തണം. അതോടൊപ്പം പട്ടികജാതി/പട്ടികവർഗ വികസനവകുപ്പ് പദ്ധതിക്കും കേന്ദ്ര പദ്ധതിക്കും പുറമെ നഗരസഭയുടെ 2009–10, 2010–11 വർഷങ്ങളിലെ എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് എത്ര പട്ടികജാതി/പട്ടികവർഗക്കാർക്ക് വീട് നൽകാൻ കഴിയുമെന്ന് പരിശോധിക്കുകയും വേണം.

(6) പട്ടികജാതി–പട്ടികവർഗക്കാരുടെ ഭവന നിർമ്മാണത്തിന് കുറവുള്ള തുക:–

ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന തുക വകയിരുത്തിയതിനുശേഷവും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ ഭവനനിർമ്മാണത്തിന് തുക കുറവുണ്ടെങ്കിൽ അധികം എന്ത് തുക വേണ്ടിവരുമെന്ന് ഗ്രാമപഞ്ചായത്തുകൾ കണക്കാക്കണം. അതുപോലെ നഗരസഭകളും കുറവുള്ള തുക കണ്ടെത്തണം.

11.6 *പൊതുവിഭാഗം ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം.*

(1) എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിക്ക് വേണ്ട അധിക തുക 2009–10 വാർഷിക പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ആദ്യം ഉറപ്പാക്കണം. തുക നീക്കിവെച്ചിട്ടില്ലെങ്കിൽ 2009–10 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തുകയോ ഭവന നിർമ്മാണ മേഖലയ്ക്ക് ലഭ്യമാകുന്ന വിഹിതത്തിൽ (വായ്പയുൾപ്പെടെ) നിന്ന് വകയിരുത്തുകയോ വേണം.

(2) 2009–10, 2010–11 വർഷങ്ങളിൽ ഐ.എ.വൈ പദ്ധതിക്ക്/ഐ.എച്ച്.എസ്.ഡി.പി–ബി.എസ്.യു.പി. പദ്ധതിക്ക് വകയിരുത്തേണ്ട അധിക വിഹിതം എത്രയെന്ന് എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ കണക്കാക്കണം.

(3) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭവനനിർമ്മാണം, മത്സ്യവകുപ്പ് പദ്ധതി, കേന്ദ്ര പദ്ധതി എന്നിവയിൽ ഉൾപ്പെടുത്താവുന്ന പൊതുവിഭാഗം ഗുണഭോക്താക്കളെ അതിൽപ്പെടുത്തിയതിനുശേഷം ഖണ്ഡിക 11.4–ലെ പട്ടികയിൽ ഇനം 8 പ്രകാരം കണക്കാക്കുന്ന

പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുവാൻ എന്ത് തുക വേണ്ടിവരുമെന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കണക്കാക്കണം.

**12. ഗുണഭോക്താക്കളെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയതിനുശേഷം ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ആവശ്യമായ തുക (ലഭ്യമായ പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതം ഒഴികെ ഇനി ആവശ്യമായ തുക)**

| | | | |
|---|---|---|---|
| (1) | ഭൂമി ലഭ്യമാക്കാൻ വേണ്ട തുക (മതിപ്പ് വില) (ഖണ്ഡിക 10.10 പ്രകാരം കണക്കാക്കുന്ന തുക) | : | .................... രൂപ |
| (2) | പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് വീട് നൽകുന്നതിന് കുറവുള്ള തുക (ഖണ്ഡിക 11.5 (6) പ്രകാരമുള്ള തുക) | : | .................... രൂപ |
| (3) | എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിലെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് വേണ്ട അധിക തുക [ഖണ്ഡിക 11.6 (1) പ്രകാരമുള്ള തുക : 2009–10 വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ഇവിടെ ഉൾപ്പെടുത്തേണ്ടതില്ല] | : | .................... രൂപ |
| (4) | കേന്ദ്ര പദ്ധതികളുടെ ഭാഗമായി പൊതുവിഭാഗം കുടുംബങ്ങൾക്ക് 2009–10–ലും 2010–11–ലുമായി നീക്കിവെയ്ക്കേണ്ട തുക [ഖണ്ഡിക 11.6 (2) പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കണക്കാക്കിയ തുക : ഐ.എ.വൈ.യുടെ അധികവിഹിതം/ഐ.എച്ച്.എസ്.ഡി.പി–ബി.എസ്.യു.പി പദ്ധതിയുടെ നഗരസഭാ വിഹിതം] | : | .................... രൂപ |
| (5) | 2009–10, 2010–11 വർഷങ്ങളിൽ കേന്ദ്ര/സംസ്ഥാന പദ്ധതികൾ പ്രകാരം ധനസഹായം നൽകാൻ കഴിയുന്ന പൊതുവിഭാഗം ഗുണഭോക്താക്കളെ ഒഴിവാക്കിയതിനുശേഷം അവശേഷിക്കുന്ന പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് വേണ്ട തുക [ഖണ്ഡിക 11.6 (3) പ്രകാരമുള്ള തുക] | : | .................... രൂപ |
| (6) | ആകെ വേണ്ട തുക (1+2+3+4+5 ) | : | .................... രൂപ |

**13. ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ഇനി ആവശ്യമായ തുകയ്ക്ക് വിഭവം കണ്ടെത്തൽ (പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതം ഒഴികെ)**

13.1 ഇനി ആവശ്യമായ തുക ചുവടെ വിവരിക്കുന്ന മാർഗങ്ങളിലൂടെയാണ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കണ്ടെത്തേണ്ടത്.

**(1) പൊതുവിഭാഗം വികസനഫണ്ട്:–** 2009–10 വാർഷിക പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതിക്ക് നീക്കിവച്ചിട്ടുള്ള വിഹിതം കൂടാതെ മേഖലാ നിബന്ധനകൾക്ക് അനുസൃതമായി വാർഷിക പദ്ധതി ഭേദഗതി ചെയ്ത് പരമാവധി തുക കണ്ടെത്തുന്നതിന് ശ്രമിക്കണം. 2010–11–ലെ പൊതുവിഭാഗം വികസനഫണ്ടും ഭവന പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്.

(2) **തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്:-** 2009-10, 2010-11 വർഷങ്ങളിൽ വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവ ഉൾപ്പെടെയുള്ള ചുമതലപ്പെട്ട ചെലവുകൾക്കും (obligatory expenses) ശമ്പളം, ഹോണറേറിയം എന്നിവ നൽകുന്നതിനും ആവശ്യമായ തുക വകയിരുത്തിയതിനുശേഷം തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആ ഇനത്തിലെ തുകയും ഉപയോഗിക്കാവുന്നതാണ്.

(3) **വായ്പ :-** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2010-11 മുതൽ 2019-20 വരെ ഓരോ വർഷവും ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുന്ന രീതിയിൽ ഖണ്ഡിക 14-ൽ വിവരിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വായ്പയെടുക്കേണ്ടതാണ്.

(4) **സംഭാവന:-** ഉദാരമതികളായ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്ന് പ്രാദേശികമായി സംഭാവനകൾ സ്വരൂപിക്കാൻ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ പ്രസിഡന്റിന്റെ/ചെയർപേഴ്സന്റെ/മേയറുടെ പേരിൽ 'ഇ.എം.എസ്. ഭവന നിധി' രൂപീകരിച്ച് പരമാവധി ഫണ്ട് പ്രാദേശികമായി സമാഹരിക്കുന്നതിന് ശ്രമിക്കണം. ഭവന പദ്ധതിക്ക് വായ്പയെടുക്കുന്ന സഹകരണ ബാങ്കിൽ ആരംഭിക്കുന്ന ഭവന പദ്ധതി അക്കൗണ്ടിൽ ഈ തുക നിക്ഷേപിക്കാവുന്നതാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന വിഹിതം ഭൂമി ലഭ്യമാക്കുന്നതിന് വിനിയോഗിക്കണം. തുക ബാക്കിയുണ്ടെങ്കിൽ നിശ്ചിത നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്. പ്രാദേശിക നിധിയുടെ സമാഹരണം, അവയുടെ വിനിയോഗം എന്നിവയ്ക്ക് സർക്കാർ പ്രത്യേകം മാർഗനിർദ്ദേശങ്ങൾ നിശ്ചയിക്കുന്നതാണ്.

(5) **ബാങ്കുകളിൽ നിക്ഷേപമുള്ള വിഹിതം :** ചില തദ്ദേശഭരണ സ്ഥാപനങ്ങളെങ്കിലും മുൻകാലങ്ങളിൽ ലഭിച്ച ഫണ്ടുകൾ ദേശസാൽകൃത/സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഇപ്പോഴും ബാങ്കിൽ നിക്ഷേപമായുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രീതിയിൽ ബാങ്കുകളിൽ നിക്ഷേപമായുള്ള ഫണ്ടുകൾ ഇ.എം.എസ്. ഭവനപദ്ധതിക്കായി വിനിയോഗിക്കുന്നതിന് എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഫണ്ട് വിഭാഗം/തരം (ജനറൽ, എസ്.സി.പി., ടി.എസ്.പി./മറ്റ് ഫണ്ടുകൾ), ബാങ്കിൽ തുക നിക്ഷേപിച്ച വർഷം, പ്രോജക്ടിന്റെ പേര്, നിർവഹണ ഉദ്യോഗസ്ഥൻ, നിക്ഷേപിച്ച തുക, തുക ഭാഗികമായി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ചെലവ് തുക, അവശേഷിക്കുന്ന തുക, പലിശ, ലഭ്യമായ ആകെ തുക എന്നിങ്ങനെയുള്ള വിവരങ്ങൾ ഒരു പട്ടികയിൽ തയ്യാറാക്കി സെക്രട്ടറിയുടെ നടപടി ഉത്തരവ് പ്രകാരമാണ് ഇ.എം.എസ്. ഭവന പദ്ധതിക്കായി വിനിയോഗിക്കേണ്ടത്. നിക്ഷേപമായുള്ള എസ്.സി.പി./ ടി.എസ്.പി. വിഹിതം പട്ടികജാതി/ പട്ടികവർഗക്കാർക്ക് മാത്രമെ വിനിയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണം.

13.2 ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും വികസന ഫണ്ട്, തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്ക് വായ്പ മുതലായ സ്രോതസുകളിലൂടെ ലഭ്യമാകുന്ന വിഹിതത്തിൽ നിന്ന് ഐ.എ.വൈ. പദ്ധതിക്ക് ആവശ്യമായത് കഴിച്ചുള്ള ബാക്കി തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

## 14. ഭവന പദ്ധതി വായ്പ

14.1 എല്ലാതലത്തിലേയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുന്നതിന് വായ്പയെടുക്കണം.

14.2 വായ്പാ പരിധി: 2009–10–ൽ അനുവദനീയമായ ആകെ വികസനഫണ്ടിന്റെ 15 ശതമാനത്തിന് തുല്യമായ തുകയുടെ പത്ത് മടങ്ങ്; അതായത് 2009–10–ൽ അനുവദനീയമായ വികസന ഫണ്ടിന്റെ ഒന്നര ഇരട്ടി.

14.3 2009–10–ലെ അർഹതപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വായ്പാതുക കണക്കാക്കാവുന്നതാണ്. അതായത് 2007–08–ലെ ഷോർട്ട്ഫാൾ ഇനത്തിൽ 2009–10–ൽ കുറവ് ചെയ്ത വിഹിതം ഉൾപ്പെടെയുള്ള ആകെ അർഹതപ്പെട്ട വിഹിതത്തിന്റെ ഒന്നര മടങ്ങ് തുക പരമാവധി വായ്പയെടുക്കാവുന്നതാണ്.

14.4 വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കേണ്ട തുക കണക്കാക്കുന്ന രീതി ചുവടെ വിവരിക്കുന്നു.

### 14.4.1 ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വായ്പാ തുക കണക്കാക്കേണ്ട രീതി

(1) ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ഇനി ആവശ്യമായ തുക (ഖണ്ഡിക 12 പ്രകാരമുള്ള തുക) : ................. രൂപ

(2) ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ ലഭ്യമായ തുക

(i) 2009–10, 2010–11 വർഷങ്ങളിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന തുക

(2009–10: ................ രൂപ, 2010–11: .............. രൂപ) : .................... രൂപ

(ii) 2009–10, 2010–11 വർഷങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്

(2009–10: ............ രൂപ, 2010–11: ............. രൂപ) : .................... രൂപ

(iii) ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം : .................... രൂപ

(iv) ആകെ (i+ii+iii) : .................... രൂപ

(3) ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ കുറവുള്ള തുക (1–2) : .................... രൂപ

(4) വായ്പായെടുക്കാവുന്ന പരമാവധി തുക (2009–10–ലെ വികസന ഫണ്ടിന്റെ ഒന്നര മടങ്ങ്) : .................... രൂപ

(5) വായ്പയെടുക്കേണ്ട തുക : .................... രൂപ

(ഇനം 3–ലെ തുകയോ 4–ലെ തുകയോ ഏതാണോ കുറവ് ആ തുക)

(6) ഗ്രാമപഞ്ചായത്ത്/നഗരസഭ വായ്പയെടുക്കുന്ന തുക ഉൾപ്പെടെ ലഭ്യമായ ആകെ തുക (2+5) : .................... രൂപ

(7) മറ്റ് തലങ്ങളിൽ നിന്ന് ലഭിക്കേണ്ട തുക (1–6) : .................... രൂപ

**14.4.2 ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ കുറവുള്ള തുക ജില്ലാ ആസൂത്രണ സമിതി തലത്തിൽ ക്രോഡീകരിക്കൽ.**

(1) ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ആവശ്യമുള്ളതായി ഖണ്ഡിക 12 പ്രകാരം കണക്കാക്കുന്ന തുക അത്രയും ഖണ്ഡിക 14.4.1(6) പ്രകാരം ലഭ്യമാകുന്നില്ലെങ്കിൽ കുറവുള്ള തുക എത്രയെന്ന് ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് ഡയറക്ടറെയും നഗരസഭകൾ ജില്ലാമിഷൻ കോ–ഓർഡിനേറ്ററെയും അറിയിക്കണം. മറ്റ് തലങ്ങളിൽ നിന്ന് തുക ആവശ്യമില്ലെങ്കിൽ ആ വിവരം റിപ്പോർട്ട് ചെയ്യണം. അധികതുക ആവശ്യമായ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വിവരങ്ങൾ ജില്ലാതലത്തിൽ പ്രോജക്ട് ഡയറക്ടറും ജില്ലാമിഷൻ കോ–ഓർഡിനേറ്ററും ക്രോഡീകരിക്കണം.

(2) അധികതുക ആവശ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾ വായ്പയെടുക്കുന്ന തുക ഉൾപ്പെടെ ബ്ലോക്ക്/ജില്ലാപഞ്ചായത്ത് തലത്തിൽ ലഭ്യമായ തുക ജില്ലാ ആസൂത്രണ സമിതി വിഭജിച്ചു നൽകണം. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ആ ബ്ലോക്ക് അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം ലഭിക്കുന്ന രീതി അവലംബിക്കണം. ഗ്രാമപഞ്ചായത്തുകൾക്ക് അധികം ആവശ്യമായ തുകയ്ക്ക് ആനുപാതികമായാണ് തുക വിഭജിച്ചു നൽകേണ്ടത്. ഉദാഹരണത്തിന് ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകൾക്കും കൂടി ചുവടെ നൽകിയിട്ടുള്ളത് പ്രകാരം ആകെ 250 ലക്ഷം രൂപ ആവശ്യമാണെന്നിരിക്കട്ടെ.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത്–1 | : | 30 ലക്ഷം രൂപ | |
| ഗ്രാമപഞ്ചായത്ത്–2 | : | 70 | ,, |
| ഗ്രാമപഞ്ചായത്ത്–3 | : | 25 | ,, |
| ഗ്രാമപഞ്ചായത്ത്–4 | : | 40 | ,, |
| ഗ്രാമപഞ്ചായത്ത്–5 | : | 60 | ,, |
| ഗ്രാമപഞ്ചായത്ത്–6 | : | 25 | ,, |
| **ആകെ** | | **250 ലക്ഷം രൂപ** | |

(3) ബ്ലോക്ക് പഞ്ചായത്തിന്റെ 2009–10, 2010–11 വർഷങ്ങളിലെ പൊതുവിഭാഗം വികസന ഫണ്ട്, വായ്പ മുതലായ സ്രോതസുകളിലൂടെ ലഭ്യമാകുന്ന തുകയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിന് ആവശ്യമായത് കഴിച്ച് ബാക്കി 150 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ ഉള്ളതെങ്കിൽ 150 ലക്ഷം രൂപ 6 ഗ്രാമപഞ്ചായത്തുകൾക്കുമായി ചുവടെ നൽകിയിട്ടുള്ളത് പ്രകാരം വിഭജിച്ചു നൽകണം.

ഗ്രാമപഞ്ചായത്ത്–1 : $\frac{30}{250} \times 150 = 18$ ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത്–2 : $\frac{70}{250} \times 150 = 42$ ”

ഗ്രാമപഞ്ചായത്ത്–3 : $\frac{25}{250} \times 150 = 15$ ”

ഗ്രാമപഞ്ചായത്ത്–4 : $\frac{40}{250} \times 150 = 24$ ”

| | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത്–5 : | $\frac{60}{250}$ | x 150 | = | 36 ലക്ഷം രൂപ |
| ഗ്രാമപഞ്ചായത്ത്–6 : | $\frac{25}{250}$ | x 150 | = | 15 ” |
| **ആകെ** | | | | **150** ലക്ഷം രൂപ |

(4) ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം വിഭജിച്ചു നൽകിയതിനു ശേഷം ഗ്രാമപഞ്ചായത്തുകൾക്ക് വീണ്ടും ആവശ്യമായ തുകയുടെ കണക്കുകൾ ജില്ലാ തലത്തിൽ ക്രോഡീകരിക്കണം. തുടർന്ന് ജില്ലാപഞ്ചായത്തിന് 2009–10, 2010–11 വർഷങ്ങളിൽ വായ്പ ഉൾപ്പെടെ ലഭ്യമാകുന്ന തുകയിൽ നിന്ന് ജില്ലാപഞ്ചായ ത്തിന് ആവശ്യമായത് കഴിച്ചുള്ള ബാക്കി തുക മുൻഖണ്ഡികയിൽ വിവരിച്ചതുപോലെ ആനുപാതികമായി വിഭജിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

(5) ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ട തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി ഒരു നടപടി ഉത്തരവ് പുറപ്പെടുവിക്കണം. നടപടി ഉത്തരവിന്റെ കോപ്പി ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകണം. നടപടി ഉത്തരവ് പ്രകാരമുള്ള തുക ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകേണ്ടതാണ്.

(6) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം വിഭജിച്ചു നൽകിയതിനു ശേഷം വീണ്ടും തുക ആവശ്യമായ ഗ്രാമപഞ്ചായത്തുകളുടെയും അധിക തുക ആവശ്യമുള്ള നഗരസഭകളുടെയും വിവരങ്ങൾ ജില്ലാ ആസൂത്രണ സമിതികൾ തയ്യാറാക്കി ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്യണം.

(7) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വായ്പാ തുക കണക്കാക്കേണ്ട രീതി 14.4.3, 14.4.4 ഖണ്ഡികകളിൽ പ്രദിപാദിച്ചിട്ടുണ്ട്.

### 14.4.3 ബ്ലോക്ക് പഞ്ചായത്തുകൾ വായ്പാ തുക കണക്കാക്കേണ്ട രീതി

(1) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ആവശ്യമായ തുക

| | | |
|---|---|---|
| (i) | 2009–10, 2010–11 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതിയിലെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് നീക്കിവെയ്ക്കേണ്ട അധിക വിഹിതം (50%) | : .................... രൂപ |
| (ii) | ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അധികം ആവശ്യമായ ആകെ തുക [ഗ്രാമ പഞ്ചായത്തുകൾ ഖണ്ഡിക 14.4.1(7) പ്രകാരം കണക്കാക്കുന്നതിന്റെ ആകെ തുക] | : .................... രൂപ |
| (iii) | ആകെ (i+ii) | : .................... രൂപ |

(2) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമായ തുക

| | | |
|---|---|---|
| (i) | 2009–10, 2010–11 വർഷങ്ങളിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന തുക<br>(2009–10: ........... രൂപ, 2010–11: ............. രൂപ) | : .................... രൂപ |

(ii) 2009–10, 2010–11 വർഷങ്ങളിലായി ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്

(2009–10: ............ രൂപ, 2010–11: ............. രൂപ) : ..................... രൂപ

(iii) ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം : ..................... രൂപ

(iv) ആകെ (i+ii+iii) : ..................... രൂപ

(3) ബ്ലോക്ക് പഞ്ചായത്ത് തലത്തിൽകുറവുള്ള തുക (1–2) : ..................... രൂപ

(4) വായ്പയെടുക്കാവുന്ന പരമാവധി തുക (2009–10–ലെ വികസനഫണ്ടിന്റെ ഒന്നര ഇരട്ടി) : ..................... രൂപ

(5) വായ്പെടുക്കേണ്ട തുക (ഇനം 3–ലെ തുകയോ 4–ലെ തുകയോ ഏതാണോ കുറവ് ആ തുക) : ..................... രൂപ

(6) ബ്ലോക്ക് പഞ്ചായത്ത് വായ്പയെടുക്കുന്ന തുക ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമായ ആകെ തുക (2+5) : ..................... രൂപ

(7) ബ്ലോക്ക് പഞ്ചായത്തിന്റെ വായ്പാതുക കൂടി പരിഗണിച്ചതിനുശേഷവും ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കുറവുള്ള തുക (1–6) : ..................... രൂപ

### 14.4.4 ജില്ലാ പഞ്ചായത്തുകൾ വായ്പാ തുക കണക്കാക്കേണ്ട രീതി

(1) ജില്ലാ പഞ്ചായത്ത് തലത്തിൽ ആവശ്യമായ തുക

(i) 2009–10, 2010–11 വർഷങ്ങളിൽ ഐ.എ.വൈ. പദ്ധതിയിലെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് നീക്കിവെയ്ക്കേണ്ട അധിക വിഹിതം : ..................... രൂപ

(ii) ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അധികം ആവശ്യമായ ആകെ തുക (ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഖണ്ഡിക 14.4.3(7) പ്രകാരം കണക്കാക്കുന്നതിന്റെ ആകെ തുക) : ..................... രൂപ

(iii) ആകെ വേണ്ട തുക (i+ii) : ..................... രൂപ

(2) ജില്ലാ പഞ്ചായത്ത് തലത്തിൽ ലഭ്യമായ തുക

(i) 2009–10, 2010–11 വർഷങ്ങളിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന തുക
(2009–10: ............ രൂപ, 2010–11: ............. രൂപ) : ..................... രൂപ

(ii) 2009–10, 2010–11 വർഷങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട്
(2009–10: ............ രൂപ, 2010–11: ............. രൂപ) : ..................... രൂപ

(iii) ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം : ..................... രൂപ

(iv) ആകെ (i+ii+iii) : ..................... രൂപ

| | | | |
|---|---|---|---|
| (3) | ജില്ലാപഞ്ചായത്ത് തലത്തിൽകുറവുള്ള തുക (1–2) | : | .................... രൂപ |
| (4) | വായ്പയെടുക്കാവുന്ന പരമാവധി തുക (2009–10–ലെ വികസനഫണ്ടിന്റെ ഒന്നര ഇരട്ടി) | : | .................... രൂപ |
| (5) | വായ്പെടുക്കേണ്ട തുക (ഇനം 3–ലെ തുകയോ 4–ലെ തുകയോ ഏതാണോ കുറവ് ആ തുക) | : | .................... രൂപ |
| (6) | ജില്ലാ പഞ്ചായത്ത് വായ്പയെടുക്കുന്ന തുക ഉൾപ്പെടെ ജില്ലാപഞ്ചായത്ത് തലത്തിൽ ലഭ്യമായ ആകെ തുക (2+5) | : | .................... രൂപ |
| (7) | ജില്ലാ പഞ്ചായത്തിന്റെ വായ്പാ തുക കൂടി പരിഗണിച്ചതിനുശേഷവും ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് കുറവുള്ള തുക (1–6) | : | .................... രൂപ |

## 15. വായ്പ ലഭ്യമാക്കൽ, തിരിച്ചടവ്, പലിശ മുതലായവ

15.1 പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നായിരിക്കണം വായ്പയെടുക്കേണ്ടത്. എന്നാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പ്രാഥമിക സഹകരണ ബാങ്കിൽ നിന്നോ ജില്ലാ/സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ വായ്പയെടുക്കാവുന്നതാണ്. എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. വായ്പാ പരിധിക്ക് വിധേയമായി വായ്പയെടുക്കേണ്ട തുക നിശ്ചയിച്ചു കഴിഞ്ഞാൽ വായ്പയെടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് കേരള ലോക്കൽ അതോറിട്ടീസ് ലോൺ ആക്ട് (1963) പ്രകാരമുള്ള സർക്കാർ അനുമതിക്കായി ജില്ലാ ആസൂത്രണ സമിതി മുഖേന അപേക്ഷിക്കണം.

15.2 വായ്പയെടുക്കുന്നത് സംബന്ധിച്ചും വായ്പയെടുക്കുന്ന തുക പത്ത് ഗഡുക്കളായി 2010–11 മുതൽ 2019–20 വരെയുള്ള കാലയളവിൽ ലഭിക്കേണ്ട പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാൻ സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടും തദ്ദേശഭരണ സ്ഥാപനം തീരുമാനമെടുക്കണം. ഈ മാർഗരേഖയുടെ അനുബന്ധം 1–ൽ നൽകിയിട്ടുള്ള ഫോറം 6–ലെ മാതൃകയിലാണ് ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടത്.

15.3 ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഉൾപ്പെടെ സർക്കാർ അനുമതിക്കായി അപേക്ഷിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ അപേക്ഷകൾ നേരിട്ട് സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതില്ല. സർക്കാർ അനുമതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി ത്രിതല പഞ്ചായത്തുകൾ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും നഗരസഭകൾ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്കും സമർപ്പിക്കണം. ജില്ലാ ആസൂത്രണ സമിതിക്കു വേണ്ടി പ്രോജക്ട് ഡയറക്ടർ/ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ അപേക്ഷകൾ പരിശോധിച്ച് അവ ക്രമത്തിലുള്ളതാണെന്നും വായ്പതുക മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്നും പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം അപേക്ഷകൾ സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

15.4 ഏതെങ്കിലും ഒരു ബാങ്കിൽ നിന്നു മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കാൻ പാടുള്ളൂ. പ്രാഥമിക സഹകരണ ബാങ്കിന് ഫണ്ടിന്റെ ലഭ്യതാ കുറവുണ്ടെങ്കിൽ ആ ബാങ്കിന് ജില്ലാ/സംസ്ഥാന സഹകരണ ബാങ്ക് ഫണ്ട് ലഭ്യമാക്കുന്നതാണ്.

15.5 വായ്പാ തുക ഗഡുക്കളായിട്ടായിരിക്കും ബാങ്കുകൾ അനുവദിക്കുന്നത്.

15.6 വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്.

15.7 വായ്പാ തുക 2010–11 മുതൽ 2019–20 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട വകസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽ നിന്ന്, കൺട്രോളിംഗ് ഓഫീസർമാർ ഉറവിടത്തിൽ വച്ചുതന്നെ കുറവു ചെയ്യുന്ന രീതി (deduction at source) അവലംബിച്ച്, കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്നതാണ്. വായ്പയുടെ മുതൽ ഒരു ഗഡുവായി കുറവ് ചെയ്ത് നിശ്ചിത തീയതിക്കു മുൻപ് പലിശയുൾപ്പെടെ ബന്ധപ്പെട്ട ബാങ്കിന് നൽകുകയും അവശേഷിക്കുന്ന തുക ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗം സംബന്ധിച്ച മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം മേയ് മുതൽ ഫെബ്രുവരി വരെ 10 തുല്യഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്നതാണ്.

15.8 തിരിച്ചടവ് തുക സർക്കാർ നേരിട്ട് കുറവ് ചെയ്യുകയാണെങ്കിലും വായ്പാ തിരിച്ചടവിനുള്ള പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ 2010–11 മുതൽ 2019–20 വരെയുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുകയും സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞാൽ പദ്ധതി ചെലവു കണക്കുകൾ തയ്യാറാക്കുമ്പോൾ ഈ തുക ചെലവഴിക്കപ്പെട്ടതായി രേഖപ്പെടുത്തുകയും വേണം. വായ്പാ തിരിച്ചടവിനുള്ള തുക മേഖലാ വിഭജന പരിധിയിൽനിന്നും ഒഴിവാക്കാവുന്നതാണ്.

## 16. ഭവന പദ്ധതി അക്കൗണ്ട്, വായ്പാ തുകയുടെ വിനിയോഗം മുതലായവ

16.1 ഐ.എ.വൈ., എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, ഐ.എച്ച്.എസ്.ഡി.പി., ബി.എസ്.യു.പി. തുടങ്ങിയ പദ്ധതികളെ സംബന്ധി ച്ചിടത്തോളം ഫണ്ട് സൂക്ഷിക്കുന്നതിനും ഗ്രാമ/ജില്ലാ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അധികവിഹിതം കൈമാറുന്നതിനും ഗുണഭോക്താക്കൾക്ക് ധനസഹായതുക നൽകുന്നതിനും ആ പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും. ഈ പദ്ധതി കൾക്കുള്ള വിഹിതം ഒരു കാരണവശാലും ഇ.എം.എസ്. ഭവനപദ്ധതിക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് ഗുണഭോക്താ ക്കൾക്ക് നൽകാൻ പാടില്ല.

16.2 ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വായ്പയെടുക്കുന്ന ബാങ്കിൽ പ്രസിഡന്റിന്റെയും/ചെയർപേ ഴ്സന്റെയും/മേയറുടെയും നിർവഹണ ഉദ്യോഗസ്ഥന്റെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കണം. ആ ബാങ്കിൽ നിന്ന് ഘട്ടം ഘട്ടമായി അനുവദി ക്കുന്ന വായ്പാ തുകയും വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന തുകയും (ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ വികസന ഫണ്ട്, തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം മുതലായവ; ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവരുടെ വികസന/തനത്/ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, വായ്പാതുക മുതലായവ യിൽനിന്ന് ലഭ്യമാക്കുന്ന തുക) ഈ അക്കൗണ്ടിൽ നിക്ഷേപിക്കണം.

16.3 ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും വായ്പയെടുക്കുന്ന ബാങ്കിൽ പ്രസിഡന്റിന്റെയും നിർവഹണ ഉദ്യോഗസ്ഥന്റെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. ബാങ്കിൽനിന്നും ഗഡുക്കളായി ലഭിക്കുന്ന വായ്പാ തുക ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഗഡുക്കളായി അനുവദിച്ചു നൽകണം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി വകയിരുത്തുന്ന വികസന/തനത്/ജനറൽ പർപ്പസ് ഫണ്ടും ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതവും ഈ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി ഗ്രാമപഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകാവുന്നതാണ്.

16.4 തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന/തനത്/ജനറൽ പർപ്പസ് ഫണ്ടുകളിൽ നിന്ന് ഇ.എം.എസ്. ഭവന പദ്ധതിക്ക് വകയിരുത്തുന്ന വിഹിതം ഈ മാർഗരേഖയിലെ ഖണ്ഡിക 16.1–ലെ വ്യവസ്ഥകൾക്ക് വിധേയമായി അഡ്വാൻസായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ഭവന പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു.

16.5 എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പയുടെ ഒന്നാംഗഡു ലഭിച്ചതിനുശേഷം മാത്രമെ മറ്റ് സ്രോതസുകളിൽ നിന്നുള്ള വിഹിതം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടുള്ളൂ.

16.6 ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ ഉപ പദ്ധതി വിഹിതമോ; അതല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ ഉപപദ്ധതി വിഹിതമോ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണെങ്കിൽ പ്രസ്തുത ഫണ്ടുകൾ പട്ടികജാതി/പട്ടികവർഗക്കാർക്ക് മാത്രമെ വിനിയോഗിക്കുന്നുള്ളൂവെന്ന് പ്രത്യേകം ഉറപ്പാക്കണം.

16.7 ഭവനനിർമ്മാണത്തിനുള്ള നിശ്ചിത ധനസഹായതുക സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഗഡുക്കളായി മാറ്റി നിക്ഷേപിക്കണം (transfer credit). തദ്ദേശഭരണ സ്ഥാപനമോ ഗുണഭോക്താവോ ഭൂമി വിലയ്ക്കു വാങ്ങുന്ന സംഗതിയിൽ വസ്തുവിന്റെ ഉടമയ്ക്ക് ക്രോസ് ചെയ്ത ചെക്ക് (crossed cheque) മുഖേന പണം നൽകണം.

16.8 വിവിധ സ്രോതസുകളിലൂടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്ന തുകയിൽ നിന്നുള്ള ചെലവ് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച് സർക്കാർ പ്രത്യേകം നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

## 17. അനുബന്ധ സൗകര്യങ്ങൾ

17.1 ശുചിത്വ കക്കൂസ് :– സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുകയോ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിന് ഉപരിയായി അനുവദനീയമായ സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നൽകുകയോ വേണം.

17.2 പുകയില്ലാത്ത അടുപ്പ്:– ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (ANERT) എല്ലാ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകൾ (fixed /portable) ലഭ്യമാക്കുന്നതാണ്.

17.3 മേൽക്കൂര മഴവെള്ള സംഭരണം, കുടിവെള്ളം:– തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ഇപ്പോൾ തന്നെ ഏർപ്പെടുത്തുകയോ 2010–11 മുതലുള്ള വാർഷിക പദ്ധതികളുടെ ഭാഗമായി ഏർപ്പെടുത്തുകയോ വേണം.

17.4 വൈദ്യുതീകരണം:– ഭവനനിർമ്മാണത്തിന് ലഭിക്കുന്ന ധനസഹായത്തിൽ നിന്ന് ഗുണഭോക്താവ് വൈദ്യുതീകരണ ചെലവും വഹിക്കണം.

## 18. ഭവന പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

18.1 വായ്പയെടുക്കുന്ന തുക നിശ്ചയിച്ചുകഴിഞ്ഞാൽ ഓരോ തദ്ദേശഭരണ സ്ഥാപനവും 2009–10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭവന പ്രോജക്ടുകൾ ദ്വിവർഷ (2009–10, 2010–11) പ്രോജക്ടുകളായി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടണം. ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന വിഹിതം കൂടി ഉൾപ്പെടുത്തിയാണ്

ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കണം.

**18.2 ജില്ലാ പഞ്ചായത്തുകൾ**

(1) പ്രത്യേക ഘടകപദ്ധതി:- ബ്ലോക്ക് പഞ്ചായത്തുകളുടെ ഐ.എ.വൈ പദ്ധതിക്ക് വിഹിതം നൽകുന്നതിനും അനിവാര്യ പരിപാടികൾക്ക് വിഹിതം വികയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്

(2) പട്ടികവർഗ ഉപപദ്ധതി: ബ്ലോക്ക് പഞ്ചായത്തുകളുടെ ഐ.എ.വൈ പദ്ധതിക്ക് വിഹിതം നൽകുന്നതിനും അനിവാര്യ പരിപാടികൾക്ക് വിഹിതം വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്.

(3) *വായ്പാബന്ധിത പ്രോജക്ട്*: പൊതുവിഭാഗം വികസനഫണ്ട്, തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, ബാങ്ക് വായ്പ മുതലായ സ്രോതസ്സുകളിലൂടെ ഭവന നിർമ്മാണ മേഖലയ്ക്ക് ലഭ്യമാകുന്ന തുകയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന ഐ.എ.വൈ പദ്ധതിയുടെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകുന്നതിനും ബാക്കി തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്.

**18.3 ബ്ലോക്ക് പഞ്ചായത്തുകൾ**

(1) പ്രത്യേക ഘടക പദ്ധതി: ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ഐ.എ.വൈ. അധികവിഹിതവും ബ്ലോക്ക് പഞ്ചായത്തിന്റെ അധിക വിഹിതവും കൂടി ഉൾപ്പെടുത്തി പട്ടികജാതി ഗുണഭോക്താക്കളുടെ ഐ.എ. വൈ. പദ്ധതി നടപ്പാക്കുന്നതിനും അനിവാര്യ പരിപാടികൾക്ക് വിഹിതം വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്.

(2) പട്ടികവർഗ ഉപപദ്ധതി: ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ഐ.എ.വൈ. അധിക വിഹിതവും ബ്ലോക്ക് പഞ്ചായത്തിന്റെ അധിക വിഹിതവും കൂടി ഉൾപ്പെടുത്തി പട്ടികവർഗ ഗുണഭോക്താക്കളുടെ ഐ.എ. വൈ.പദ്ധതി നടപ്പാക്കുന്നതിനും അനിവാര്യ പരിപാടികൾക്ക് വിഹിതം വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്.

(3) *വായ്പാബന്ധിത പ്രോജക്ട്*: ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവിഭാഗം വികസനഫണ്ട്, തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, ബാങ്ക് വായ്പ മുതലായ സ്രോതസ്സുകളിലൂടെ ലഭിക്കുന്ന തുകയും പൊതുവിഭാഗം ഗുണഭോക്താക്കളുടെ ഐ.എ.വൈ പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന അധിക തുകയും ഉൾപ്പെടെയുള്ള ആകെ തുക വിനിയോഗിച്ച് ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനും ബാക്കിയുള്ള തുക ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചു നൽകുന്നതിനുമുള്ള പ്രോജക്ട്.

**18.4 ഗ്രാമപഞ്ചായത്തുകൾ**

(1) പ്രത്യേകഘടക പദ്ധതി: ബ്ലോക്ക് പഞ്ചായത്തുകളുടെ ഐ.എ.വൈ. പദ്ധതിക്ക് വിഹിതം നൽകുന്നതിനും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവരുടെ അനിവാര്യ പരിപാടികൾക്ക് വിഹിതം വകയിരുത്തിയ

തിനുശേഷം അനുവദിച്ചുതരുന്ന തുകയും അനിവാര്യ പരിപാടികൾ ഏറ്റെടുത്തതിനുശേഷം ബാക്കി വരുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഘടകപദ്ധതി വിഹിതവും ഉപയോഗിച്ച് പട്ടികജാതിക്കാരുടെ ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. ഭൂരഹിതർക്ക് സ്ഥലം നൽകാൻ പ്രത്യേക ഘടക പദ്ധതി വിഹിതം വിനിയോഗിക്കുന്നുണ്ടെങ്കിൽ ഈ പ്രോജക്ടിന്റെ ഭാഗമാക്കണം (ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടിന്റെ വിഹിതം ഭവനപദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്).

(2) പട്ടികവർഗ ഉപപദ്ധതി: ബ്ലോക്ക് പഞ്ചായത്തുകളുടെ ഐ.എ.വൈ. പദ്ധതിക്ക് വിഹിതം നൽകുന്നതിനും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവരുടെ അനിവാര്യ പരിപാടികൾക്ക് വിഹിതം വകയിരുത്തിയതിനു ശേഷം അനുവദിച്ചു തരുന്ന തുകയും അനിവാര്യ പരിപാടികൾ ഏറ്റെടുത്തതിനുശേഷം ബാക്കി വരുന്ന ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ ഉപപദ്ധതി വിഹിതവും ഉപയോഗിച്ച് പട്ടികവർഗക്കാരുടെ ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. ഭൂരഹിതർക്ക് സ്ഥലം നൽകാൻ പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കുന്നുണ്ടെങ്കിൽ ഈ പ്രോജക്ടിന്റെ ഭാഗമാക്കണം (ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടിന്റെ വിഹിതം ഭവനപദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്).

(3) *വായ്പാബന്ധിത പ്രോജക്ട്:–* ഗ്രാമപഞ്ചായത്തിന്റെ പൊതുവിഭാഗം വികസനഫണ്ട്, തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, ബാങ്ക് വായ്പ മുതലായ സ്രോതസുകളിലൂടെ ലഭിക്കുന്ന തുകയും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ട്, തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, ബാങ്ക് വായ്പ മുതലായ സ്രോതസ്സുകളിൽ നിന്ന് ഗ്രാമപഞ്ചായത്തിന് കൈമാറിയ തുകയും ഉൾപ്പെടെയുള്ള ആകെ തുകയിൽ നിന്ന് പൊതുവിഭാഗം ഗുണഭോക്താക്കളുടെ ഐ.എ.വൈ. പദ്ധതിക്ക് വിഹിതം നൽകുന്നതിനും ബാക്കി തുക വിനിയോഗിച്ച് ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. അവശേഷിക്കുന്ന പട്ടികജാതി–പട്ടികവർഗക്കാർ ഉൾപ്പെടെ ഭൂരഹിതർക്ക് സ്ഥലം നൽകൽ എന്ന ഘടകം ഈ പ്രോജക്ടിന്റെ ഭാഗമായിരിക്കണം. വീട് നിർമ്മാണത്തിന് അവശേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളേയും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തണം (ഭവനപദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രോജക്ട് നടപ്പാക്കാം).

**18.5 നഗരസഭകൾ:**

(1) പ്രത്യേകഘടക പദ്ധതി:– ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി പദ്ധതിയുടെ വിഹിതം നൽകുന്നതിനും അനിവാര്യ പരിപാടികൾക്ക് വിഹിതം മാറ്റിവച്ചതിനുശേഷം ബാക്കിയുള്ള തുക വിനിയോഗിച്ച് പട്ടികജാതിക്കാരുടെ ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. ഭൂരഹിതർക്ക് സ്ഥലം നൽകാൻ പ്രത്യേക ഘടക പദ്ധതി വിഹിതം വിനിയോഗിക്കുന്നുണ്ടെങ്കിൽ ഈ പ്രോജക്ടിന്റെ ഭാഗമാക്കണം (കേന്ദ്ര പദ്ധതിയുടെ വിഹിതം ഒഴികെയുള്ള തുക ഇ.എം.എസ്. ഭവന പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്).

(2) പട്ടികവർഗ ഉപപദ്ധതി: ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി. പദ്ധതിയുടെ വിഹിതം നൽകുന്നതിനും അനിവാപര്യ പരിപാടികൾക്ക് വിഹിതം മാറ്റിവെച്ചതിനുശേഷം ബാക്കിയുള്ള തുക വിനിയോഗിച്ച് പട്ടികവർഗ്ഗ

ക്കാരുടെ ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. ഭൂരഹിതർക്ക് സ്ഥലം നൽകാൻ പട്ടികവർഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കുന്നുണ്ടെങ്കിൽ ഈ പ്രോജക്ടിന്റെ ഭാഗമാക്കണം (കേന്ദ്ര പദ്ധതിയുടെ വിഹിതം ഒഴികെയുള്ള തുക ഇ.എം.എസ്. ഭവന പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്).

(3) *വായ്പാബന്ധിത പ്രോജക്ട്*: പൊതുവിഭാഗം വികസനഫണ്ട്, തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, ബാങ്കുകളിൽ നിക്ഷേപമായുള്ള വിഹിതം, ബാങ്ക് വായ്പ മുതലായ സ്രോതസ്സുകളിലൂടെ ലഭ്യമാകുന്ന തുകയിൽ നിന്ന് ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി. പദ്ധതിയിലെ പൊതുവിഭാഗം ഗുണഭോക്താക്കളുടെ വിഹിതം നൽകുന്നതിനും ബാക്കിയുള്ള തുക വിനിയോഗിച്ച് ഭവന പദ്ധതി നടപ്പാക്കുന്നതിനുമുള്ള പ്രോജക്ട്. അവശേഷിക്കുന്ന പട്ടികജാതി–പട്ടികവർഗക്കാർ ഉൾപ്പെടെ ഭൂരഹിതർക്ക് സ്ഥലം നൽകൽ എന്ന ഘടകം ഈ പ്രോജക്ടിന്റെ ഭാഗമായിരിക്കണം. വീട് നിർമ്മാണത്തിന് അവശേഷിക്കുന്ന പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കളെയും ഈ പ്രോജക്ടിൽ ഉൾപ്പെടുത്തണം (കേന്ദ്ര പദ്ധതിയുടെ വിഹിതം ഒഴികെയുള്ള തുക ഇ.എം.എസ്. ഭവന പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്).

**18.6** ഓരോ തദ്ദേശഭരണ സ്ഥാപനവും മുകളിൽ പ്രതിപാദിച്ചത് പ്രകാരം മൂന്ന് പ്രോജക്ടുകളാണ് തയ്യാറാക്കേണ്ടത്. ഭവന പ്രോജക്ടുകൾ വനിതാ ഘടകപദ്ധതി, ശിശുക്കൾ–വൃദ്ധർ–ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ പദ്ധതി മുതലായ പ്രത്യേക വിഭാഗക്കാരുടെ പദ്ധതികളിൽ ഉൾപ്പെടുത്താൻ പാടില്ല.

18.7 കുടിവെള്ളം, മേൽക്കൂര മഴവെള്ള സംഭരണം, ശുചിത്വ കക്കൂസ് എന്നീ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഓരോ വിഭാഗത്തിലും (പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ ഉപപദ്ധതി) പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കണം.

**18.8** **എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി:–** ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഓരോ വിഭാഗത്തിലും (പൊതു വിഭാഗം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി) പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കണം.

18.9 നിശ്ചിത ഫോറങ്ങളിലാണ് മേൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി പൂർത്തിയാക്കിയാൽ എല്ലാ ഭവന പ്രോജക്ടുകളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സംഗ്രഹ റിപ്പോർട്ട് സുലേഖ ആപ്ലിക്കേഷനിൽ നിന്നും ജനറേറ്റ് ചെയ്ത് ലഭിക്കുന്നതാണ്. സംഗ്രഹ റിപ്പോർട്ടിന്റെ കോപ്പി ഉൾപ്പെടെയാണ് പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടത്.

## 19. നിർവഹണ നടപടികൾ ആരംഭിക്കൽ

19.1 എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 2009 നവംബറിൽ ഭവനപദ്ധതിയുടെ നിർവഹണ നടപടികൾ ആരംഭിക്കാൻ കഴിയണം. 2010 ജൂലൈയോടുകൂടി ഭൂരിഭാഗം വീടുകളും പൂർത്തിയാക്കണം. ഈ രീതിയിലാകണം പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടത്.

19.2 ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് സ്ഥലമൊരുക്കൽ, അടിത്തറ നിർമ്മിക്കുന്നതിന് കുഴിയെടുക്കൽ, അടിത്തറ മണ്ണിട്ട് നിറയ്ക്കൽ എന്നിവ പൂർണമായും തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി നടപ്പാക്കണം. ഐ.എ.വൈ. പദ്ധതിക്കും പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിക്കും ഇത് ബാധകമായിരിക്കും. തദ്ദേശഭരണ സ്ഥാപനതലത്തിൽ നിർമ്മിക്കപ്പെടുന്ന എല്ലാ വീടുകൾക്കും കൂടി

എത്ര തൊഴിൽ ദിനങ്ങൾ വേണ്ടിവരുമെന്ന് കണക്കാക്കി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രോജക്ട് തൊഴിലുറപ്പ് പദ്ധതിയുടെ 2009–10–ലെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തു ന്നതിന് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

19.3 2009 നവംബർ അവസാനത്തോടെ ആദ്യഗഡു തുക നൽകണം. കേന്ദ്ര പദ്ധതികളിൽപ്പെടുത്തിയ ഗുണഭോക്താക്കളെ സംബന്ധിച്ചിടത്തോളം എല്ലാവർക്കും നവംബറിൽ തന്നെ ആദ്യഗഡു നൽകാൻ കഴിയും. എന്നാൽ ഇ.എം.എസ്. ഭവനപദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും നവംബറിൽ ആദ്യഗഡു നൽകാൻ കഴിയണമെന്നില്ല. ഗ്രാമപഞ്ചായത്തുകളും നഗരസഭ കളും 2009–10 വാർഷിക പദ്ധതിയിൽ അതത് വിഭാഗങ്ങളിൽ നീക്കിവച്ചിട്ടുള്ള വികസനഫണ്ട് വിഹിതം (15%) വിനിയോഗിച്ച് നൽകാൻ കഴിയുന്ന അത്രയും ഗുണഭോക്താക്കൾക്ക് ആദ്യഗഡു തുക നൽകണം. മറ്റുള്ളവർക്ക് വായ്പ ലഭ്യമാക്കുന്ന മുറയ്ക്ക് നൽകിയാൽ മതിയാകും. വായ്പാതുക കൂടി ഉൾപ്പെടുത്തി പ്രോജക്ട് പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാൻ കഴിഞ്ഞില്ലെങ്കിൽപോലും അംഗീകൃത ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് 2009–10 വാർഷിക പദ്ധതിയിൽ നീക്കി വെച്ചിട്ടുള്ള 15% തുക വിനിയോഗിച്ച് അതത് വിഭാഗങ്ങളിൽ ധനസഹായം നൽകാവുന്നതാണ്.

19.4 വായ്പയുടെ ഒന്നാം ഗഡു ലഭിച്ചതിനുശേഷം മാത്രമേ വികസന ഫണ്ട്, തനത് ഫണ്ട് തുടങ്ങിയവ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാൻ പാടുള്ളൂവെന്ന് ഖണ്ഡിക 16.5–ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ വായ്പ ലഭിക്കുന്നതിനു മുമ്പ്, ഭവനപദ്ധതിക്ക് നീക്കിവച്ചിട്ടുള്ള വികസന ഫണ്ട് വിനിയോഗിച്ച് ഒന്നാംഗഡു തുക നൽകേണ്ടിവരും. ഒന്നാംഗഡു തുക നൽകുന്നതിന് ഈ രീതിയിൽ വികസനഫണ്ട് വിനിയോഗിക്കുകയാണെങ്കിൽ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ഗുണഭോക്താ ക്കൾക്ക് ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്.

19.5 2009 ഡിസംബറിൽ വായ്പയുടെ ആദ്യഗഡു ലഭ്യമാക്കി ഗുണഭോക്താ ക്കൾക്ക് രണ്ടാമത്തെ ഗഡു ധനസഹായം നൽകണം.

## 20. വീടും സ്ഥലവും അന്യാധീനപ്പെടുത്തുന്നത് ഒഴിവാക്കൽ

20.1 ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ സ്ഥലം വാങ്ങാൻ ധനസഹായം നൽകുകയോ ഭൂമി വിലയ്ക്ക് വാങ്ങി/അക്വയർ ചെയ്ത്/ റവന്യൂ ഭൂമി കണ്ടെത്തി അനുവദിക്കുകയോ ചെയ്യുന്ന സംഗതികളിൽ വസ്തുവിന്റെ ആധാരം സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തുകയോ തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കുകയോ ചെയ്യേണ്ടതില്ല. ഭൂമി അനുവദിക്കുന്ന അവസരത്തിൽ ഗുണഭോക്താവിന്റെ പേരിൽ തന്നെ രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണ്.

20.2 അനുവദിക്കുന്ന വീടിന്റെ/സ്ഥലത്തിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 10 വർഷത്തേക്ക് ഒഴിവാക്കുന്നതിന് ഈ മാർഗരേഖയുടെ അനുബന്ധം 1–ൽ നൽകിയിട്ടുള്ള ഫോറം 7–ന്റെ മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. കരാർ പത്രം രജിസ്റ്റർ ചെയ്യുമ്പോൾ ഒടുക്കേണ്ട മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇ.എം.എസ്. ഭവന പദ്ധതിയുടെ കാര്യത്തിൽ ഒഴിവാക്കിക്കൊണ്ട് 16.07.2009–ലെ സ.ഉ.(പി.)നം. 127/2009/ടി.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ എഴുതിക്കൊടുക്കുന്ന കരണങ്ങളെ 1960–ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം–6–ലെ വ്യവസ്ഥകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ കരാർ പത്രം ആധാരമെഴുത്ത് ലൈസൻസി തന്നെ തയ്യാറാക്കേണ്ടതില്ല. ഗുണഭോക്താവിനുവേണ്ടി തദ്ദേശ

ഭരണ സ്ഥാപനം ഇത് തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. സ്ഥലം അനുവദിക്കുന്നതിനും ഈ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

**21. ഭവന നിർമ്മാണം – പെർമിറ്റ് ഫീസ്**

21.1 സർക്കാരിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടി നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കേണ്ടതില്ല. യഥാസമയം പെർമിറ്റ് നൽകേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കായിരിക്കും.

21.2 അവസാന ഗഡു തുക നൽകുന്നതിനോടൊപ്പം തന്നെ പൂർത്തിയായ വീടുകളുടെ നമ്പർ നൽകുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത്/നഗരസഭ സ്വീകരിക്കുകയും വേണം.

**22. മോണിട്ടറിംഗ്**

22.1 തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ രൂപീകരിച്ചിട്ടുള്ള വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി ഇ.എം.എസ് ഭവന പദ്ധതിയുടെയും മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്.

22.2 നഗരപ്രദേശങ്ങളിൽ ഭവന നിർമ്മാണ പദ്ധതിയുടെ മോണിട്ടറിംഗിനുവേണ്ടി ഇതേ മാതൃകയിൽ വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കണം.

22.3 ഇ.എം.എസ്. ഭവന പദ്ധതിയുടെ പുരോഗതി സമാന്തരമായി വിലയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നു.

(1) കുടുംബശ്രീ ശൃംഖല മുഖേന സാമൂഹ്യാധിഷ്ഠിത മോണിറ്ററിംഗ്: ഇതിന്റെ വിശദാംശങ്ങൾ നിശ്ചയിച്ച് പ്രത്യേകം സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

(2) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ ഓഫീസർമാർ മുഖേന നൂറുശതമാനം പരിശോധന: അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്യോഗസ്ഥർക്ക് ചുമതല നിശ്ചയിച്ച് നൽകണം.

(3) പ്രൊഫഷണൽ കോളേജുകളിലേയും മറ്റു സ്ഥാപനങ്ങളിലേയും നാഷണൽ സർവ്വീസ് സ്കീമിൽ നിന്ന് കണ്ടെത്തുന്ന മോണിറ്റർമാരെ ഉപയോഗപ്പെടുത്തി 100 ശതമാനം മോണിറ്ററിംഗ്: ഇതിനുള്ള നിർദേശങ്ങൾ സർക്കാർ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. ഏകോപന ചുമതല ജില്ലാ ആസൂത്രണ സമിതികൾക്കായിരിക്കും.

(4) ഗുണമേന്മ ഉറപ്പുവരുത്തുവാൻ ജില്ലാ കളക്ടർക്ക് ഉദ്യോഗസ്ഥർ, ഏജൻസികൾ, സ്ഥാപനങ്ങൾ തുടങ്ങി അനുയോജ്യരായ ആരെയും ചുമതലപ്പെടുത്താവുന്നതാണ്.

**22.4 ഫോട്ടോഗ്രാഫ്:** ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തുന്ന അർഹതാ പരിശോധനാ സമയത്ത് കുടുംബാംഗങ്ങൾ അവരുടെ വീടിന് മുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ എടുക്കുന്നുണ്ട്. ഇതിന് പുറമെ വീട് നിർമ്മാണം ആരംഭിച്ച് അടിത്തറ പൂർത്തിയാക്കിയതിനു ശേഷവും വീട് നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷവും വീടിന്റെ ഡിജിറ്റൽ ഫോട്ടോ എടുക്കണം. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാൻ നിയോഗിക്കപ്പെടുന്ന വ്യക്തിയാണ് വീട് നിർമ്മാണം ആരംഭിച്ചതിനു ശേഷമുള്ള രണ്ട് ഫോട്ടോഗ്രാഫുകളും എടുക്കേണ്ടത്. എല്ലാ ഡിജിറ്റൽ ഫോട്ടോകളും സി.ഡി.യിൽ പകർത്തി ഭവന പ്രോജക്ട് സംബന്ധമായ രേഖകളോടൊപ്പം സൂക്ഷിക്കണം.

## 23. വിശദീകരണങ്ങൾ

23.1 റേഷൻകാർഡ് കൈവശമുള്ള കുടുംബങ്ങൾക്ക് മാത്രമെ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ ഒറ്റ കുടുംബമായി പരിഗണിക്കണം.

23.2 റേഷൻകാർഡ് കൈവശമില്ലാത്ത അർഹരായവർ കരട് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇലക്ഷൻ കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ ഐഡന്റിറ്റി കാർഡ്, ബി.പി.എൽ. സർവേ ഫോറം എന്നിവ പരിശോധനയ്ക്ക് അടിസ്ഥാനമായി സ്വീകരിക്കാവുന്നതാണ്. അനുയോജ്യരായ ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ കണ്ടെത്തി പരിശോധനാ ചുമതല നൽകണം. പരിശോധനയിൽ ആ കുടംബം മറ്റൊരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലെന്നും ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുണ്ടെന്നും കാണുകയാണെങ്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. പുറമ്പോക്ക് നിവാസികൾക്ക് പ്രത്യേക പരിഗണന നൽകണം.

23.3 സർക്കാർ ഭൂമികളിൽ താമസിച്ചുവരുന്നതും റവന്യൂ വകുപ്പിന്റെ കൈവശാവകാശരേഖ ലഭിച്ചിട്ടുള്ളതുമായ കുടുംബങ്ങൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കാവുന്നതാണ്.

23.4 ഇപ്പോൾ താമസിക്കുന്ന പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭവന രഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു കുടുംബത്തിന് മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ഭൂമിയുണ്ടെങ്കിൽ ആ ഗുണഭോക്താവിനെ ഭൂരഹിത–ഭവന രഹിതരുടെ പട്ടികയിൽപ്പെടുത്താൻ പാടില്ല. ഈ കുടുംബത്തിന് ഭൂമിയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആ തദ്ദേശഭരണ സ്ഥാപനത്തിനോട് ഗുണഭോക്താവായി തെരഞ്ഞെടുത്ത തദ്ദേശഭരണം ആവശ്യപ്പെടണം. അതിന്റെ അടിസ്ഥാനത്തിൽ ഭൂമിയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭവനരഹിതരുടെ ഗുണഭോക്തൃ ലിസ്റ്റിൽ ആ കുടുംബത്തിന്റെ അർഹത പരിശോധിച്ച് ഉൾപ്പെടുത്താവുന്നതാണ്.

23.5 ഇപ്പോൾ താമസിക്കുന്ന പ്രദേശത്ത് റേഷൻ കാർഡ് നിലവിലില്ലാത്തതും എന്നാൽ മറ്റൊരു പ്രദേശത്ത് മുൻപ് താമസിച്ചിരുന്നതുകാരണം അവിടെ റേഷൻകാർഡ് ലഭിച്ചിട്ടുള്ളതുമായ കുടുംബത്തിന് സ്വന്തമായി ഭൂമിയില്ലെന്ന് കാണുകയാണെങ്കിൽ ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം രണ്ടിൽ ഏതെങ്കിലും ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

23.6 ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂരഹിത–ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ആ തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും എന്നാൽ മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുകയും ചെയ്യുകയാണെങ്കിൽ സ്ഥലം ലഭ്യമായ തദ്ദേശഭരണ സ്ഥാപനത്തിൽ താമസിക്കുന്നതിന് സന്നദ്ധതയുള്ള കുടുംബങ്ങളെ അവിടെ പുനരധിവസിപ്പിക്കാവുന്നതാണ്. ഗുണഭോക്താവായി തെരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനമാണ് വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടത്.

23.7 മൂന്ന് വർഷക്കാലയളവിൽ തിരിച്ചടയ്ക്കുന്ന രീതിയിൽ വായ്പയെടുത്ത് നടപ്പാക്കി വരുന്ന ഭവന പദ്ധതികളുടെയും പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. എന്നാൽ പ്രസ്തുത വായ്പ പത്ത് വർഷക്കാലയളവിലെ വായ്പയായി മാറ്റി അതിനെ സമ്പൂർണ്ണ ഭവന പദ്ധതിയാക്കി മാറ്റുന്നതിനുള്ള സാധ്യത ആരായണം.

23.8 തീരദേശനിയന്ത്രണ നിയമം (CRZ) നിലവിലുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ടെങ്കിലും ആ പ്രദേശത്ത് ഭൂമിയുള്ള ഗുണഭോക്താവിനെ ഭൂരഹിതനായി കണക്കാക്കാൻ കഴിയുകയില്ല. അത്തരം ഭൂമിയുടെ വിവരങ്ങൾ അതായത്; തീരത്തുനിന്നുള്ള ദൂരം, എത്രവർഷമായി കൈവശാവകാശത്തിൽ, അവിടെയാണോ താമസിച്ചുവരുന്നത്, എത്രവർഷ മായി താമസിച്ചുവരുന്നു, സൈറ്റ് പ്ലാൻ എന്നിവ ഉൾപ്പെടെ ജില്ലാ ൗൺ പ്ലാനർക്ക് നൽകുകയും ജില്ലാ ൗൺ പ്ലാനർ ഗ്രാമപഞ്ചായത്ത്/നഗരസഭാടി സ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് ഓരോ ഭൂമിയേയും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ റിപ്പോർട്ട് ഉൾപ്പെടെ ചീഫ് ൗൺ പ്ലാനർക്ക് നൽകുകയും വേണം. സർക്കാർതലത്തിൽ അവ വിശദമായി പരിശോധിച്ചതിനുശേഷം നിർദേശങ്ങൾ നൽകുന്നതാണ്.

## 24. പിന്തുണാ സേവനങ്ങൾ

### 24.1 ഏകോപനവും സാങ്കേതിക സഹായവും

(1) ഇ.എം.എസ്. ഭവന പദ്ധതിയുടെ നടത്തിപ്പിന്റെ സംസ്ഥാനതല ഏകോപന ചുമതല ഗ്രാമപ്രദേശങ്ങളിൽ ഗ്രാമവികസന കമ്മീഷണർക്കും നഗര പ്രദേശങ്ങളിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും ജില്ലാതല ഏകോപന ചുമതല ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്കും നഗരപ്രദേശങ്ങളിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർക്കും ആയിരിക്കും.

(2) ഇ.എം.എസ് ഭവന പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ഉണ്ടായിരിക്കണം.

**(എ) സംസ്ഥാനതല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി**

| | | | |
|---|---|---|---|
| (i) | തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സക്രട്ടറി | : | ചെയർപേഴ്സൺ |
| (ii) | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ | : | മെമ്പർ |
| (iii) | ഗ്രാമവികസന കമ്മീഷണർ | : | മെമ്പർ സെക്രട്ടറി |
| (iv) | പഞ്ചായത്ത് ഡയറക്ടർ | : | മെമ്പർ |
| (v) | നഗരകാര്യ ഡയറക്ടർ | : | ” |
| (vi) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | : | ” |
| (vii) | പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ | : | ” |
| (viii) | ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | : | ” |
| (ix) | റവന്യൂ, ആസൂത്രണ–സാമ്പത്തികകാര്യം, ധനകാര്യം എന്നീ വകുപ്പുകളുടെ പ്രതിനിധികൾ | : | മെമ്പർമാർ |
| (x) | കമ്മീഷണർ ആന്റ് സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് | : | മെമ്പർ |

| | | | |
|---|---|---|---|
| (xi) | സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രതിനിധി | : | ” |

(xii) മുകളിൽ നൽകിയിട്ടുള്ള ഘടനയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയിൽ സഹകരണ സംഘം രജിസ്ട്രാർ, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവരെക്കൂടി പുതുതായി ഉൾപ്പെടുത്തുന്നു.

**(ബി) ജില്ലാതല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി**

| | | | |
|---|---|---|---|
| (i) | ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ | : | ചെയർപേഴ്സൺ |
| (ii) | മേയർ | : | മെമ്പർ |
| (iii) | ജില്ലാ ആസൂത്രണസമിതിയിലെ രണ്ട് അംഗങ്ങൾ (ഓരോ അംഗം നഗര, ഗ്രാമപ്രദേശങ്ങളെ പ്രതിനിധീകരിക്കണം) | : | മെമ്പർമാർ |
| (iv) | ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ പ്രതിനിധി | : | മെമ്പർ |
| (v) | മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നീ തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപന അസോസിയോഷനുകളുടെ ഓരോ പ്രതിനിധികൾ | : | മെമ്പർമാർ |
| (vi) | കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ | : | മെമ്പർ |
| (vii) | എഞ്ചിനീയറിംഗ് കോളേജുകൾ, പോളി ടെക്നിക്കുകൾ, സന്നദ്ധസംഘടനകൾ എന്നീ സ്ഥാനപങ്ങളിലെ വിദഗ്ധർ (മൂന്നുപേർ) | : | മെമ്പർമാർ |
| (viii) | ജില്ലാ പ്ലാനിംഗ് ഓഫീസർ | : | മെമ്പർ |
| (ix) | ഭവന നിർമ്മാണ ബോർഡ് ജില്ലാതല എഞ്ചിനീയർ | : | ” |
| (x) | നിർമ്മിതി കേന്ദ്രം, മറ്റ് അക്രഡിറ്റഡ് ഏജൻസികൾ എന്നിവയുടെ ജില്ലാതല ടെക്നിക്കൽ ഓഫീസർ | : | മെമ്പർമാർ |
| (xi) | ജില്ലാ ടൗൺ പ്ലാനർ | : | മെമ്പർ |
| (xii) | പട്ടികവർഗ്ഗ വികസന ജില്ലാ തല ഓഫീസർ | : | ” |
| (xiii) | പട്ടികജാതി വികസന ജില്ലാ ഓഫീസർ | : | ” |
| (xiv) | ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രതിനിധി | : | ” |
| (xv) | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | : | കോ–ഓർഡിനേറ്റർ ആന്റ് കൺവീനർ |
| (xvi) | ജില്ലാ കളക്ടർ | : | മെമ്പർ സെക്രട്ടറി |

(xvii) മുകളിൽ നൽകിയിട്ടുള്ള ഘടനയിൽ നിലവിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ തല പ്രോഗ്രാം മാനേജുമെന്റ് കമ്മിറ്റിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ജനകീയാസൂത്രണ ജില്ലാ കോ–ഓർഡിനേറ്റർ/കില ഹെൽപ്പ്ഡെസ്ക് ജില്ലാ കൺവീനർ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്നു

**(സി) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി**

| | | | |
|---|---|---|---|
| (i) | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ | : | ചെയർപേഴ്സൺ |
| (ii) | ഭവന നിർമ്മാണ പദ്ധതിയുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | : | മെമ്പർ |

| | | | |
|---|---|---|---|
| (iii) | ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | മെമ്പർമാർ |
| (iv) | തദ്ദേശ ഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ | : | മെമ്പർ |
| (v) | സി.ഡി.എസ്. പ്രസിഡന്റ് | : | ” |
| (vi) | കുടുംബശ്രീ ചുമതലയുള്ള ഓഫീസർ | : | ” |
| (vii) | എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, സന്നദ്ധ സംഘടനകൾ എന്നിവയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ധർ (മൂന്ന് പേർ) | : | മെമ്പർമാർ |
| (viii) | ബാങ്കുകളുടെ പ്രതിനിധി | : | മെമ്പർ |
| (ix) | ഭവന നിർമ്മാണ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ” |
| (x) | സെക്രട്ടറി (ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) | : | കൺവീനർ |

(xi) മുകളിൽ നൽകിയിട്ടുള്ള ഘടനയിൽ നിലവിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്ക് അംഗം, യുവശക്തി പദ്ധതിയുടെ യൂത്ത് കോ–ഓർഡിനേറ്റർ എന്നിവരെക്കൂടി പുതുതായി ഉൾപ്പെടുത്തുന്നു.

(3) **ടെക്നിക്കൽ റിസോഴ്സ് ടീം:** ഭവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള സഹായ സംവിധാനമായി പ്രൊഫഷണൽ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയിലെ വിദഗ്ദ്ധരെയും പ്രതിജ്ഞാബദ്ധരായ സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ജില്ലാ തലത്തിലും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും സന്നദ്ധ സാങ്കേതിക സംഘങ്ങൾ (Technical Resource Team) രൂപീകരിക്കണം. ജില്ലാതലത്തിൽ 10–ൽ കുറയാതെയും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ 5–ൽ കുറയാതെയും അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയും ഗ്രാമപഞ്ചായത്ത്/നഗരസഭകളുമാണ് യഥാക്രമം ഈ സംഘങ്ങൾ രൂപീകരിക്കേണ്ടത്.

(4) വീട് നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ അനുമതി ലഭിക്കുന്നതിന് ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ സമർപ്പിക്കേണ്ട അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനും നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ ചുറ്റളവ് കാണിക്കുന്ന സ്കെച്ച് തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ടെക്നിക്കൽ റിസോഴ്സ് ടീം അംഗങ്ങളുടെ സേവനം ഉപയോഗിക്കണം.

(5) നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം കൂടുതലായതിനാൽ നിർവഹണ ഉദ്യോഗസ്ഥന് മാത്രമായി യഥാസമയം സ്റ്റേജ്/പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകാനാവില്ല. സ്റ്റേജ്/പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ടെക്നിക്കൽ റിസോഴ്സ് ടീമിലെ അംഗങ്ങൾക്കും ഉണ്ടായിരിക്കും. കേന്ദ്ര പദ്ധതികൾക്കും ഇത് ബാധകമാണ്. സർട്ടിഫിക്കറ്റ് നൽകുവാൻ ചുമതലപ്പെട്ട ടെക്നിക്കൽ റിസോഴ്സ് ടീമിലെ അംഗം ഭൗതിക പരിശോധന നടത്തി നിർവഹണ ഉദ്യോഗസ്ഥന് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചിത ധനസഹായം അനുവദിക്കേണ്ടത്.

**24.2 സാമഗ്രികളുടെ വില നിശ്ചയിക്കൽ**

(1) നിർമ്മാണ സാമഗ്രികളുടെ വിതരണക്കാരുടെയും ഇടനിലക്കാരുടെയും ചൂഷണം ചെറുക്കുന്നതിന് വിവിധതരം നിർമ്മാണ സാമഗ്രികളുടെ വില കൂടിയാലോചനയിലൂടെ നിർണ്ണയിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു സംവിധാനം ആവിഷ്കരിക്കണം. ഇഷ്ടിക, വെട്ടുകല്ല് (ചെങ്കല്ല്), സിമെന്റ്, മണൽ, കമ്പി, തടി (മരം), മരത്തിന് പകരം ഉപയോഗിക്കാവുന്ന സാമഗ്രികൾ എന്നിവയെല്ലാം ഈ സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ട തുണ്ട്. ഇപ്രകാരം ജില്ലാതലത്തിൽ വില നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്), അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും രണ്ട് എഞ്ചിനീയർമാർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണം.

(2) നദികളിൽ/പുഴകളിൽ നിന്ന് ശേഖരിക്കുന്ന മണലിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം പൂർണ്ണമായും ഭവനപദ്ധതിക്ക് ലഭ്യമാക്കണം. ദുരുപയോഗം ഇല്ലാതെ ഗുണഭോക്താവിന് ലഭ്യമാക്കു ന്നതിനും അവയുടെ ട്രാൻസ്പോർട്ടേഷനും ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ കളക്ടർ ഏർപ്പെടുത്തേണ്ടതാണ്. മണലിന്റെ വില മുൻഖണ്ഡി കയിൽ പ്രതിപാദിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണം. ഭവന നിർമ്മാണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'കലവറ' സംവിധാനത്തിലൂടെ മണൽ ലഭ്യമാക്കുന്നതിനും ശ്രമിക്കണം.

**24.3 വനിതാ കൽപണി ഗ്രൂപ്പുകൾ രൂപീകരിക്കൽ/നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കൽ**

കുടുംബശ്രീ സംവിധാനം ഉപയോഗപ്പെടുത്തി സാധ്യമാകുന്ന പ്രദേശങ്ങളി ലെല്ലാം വനിതാ മേസൺ ഗ്രൂപ്പുകൾ രൂപീകരിക്കണം. അതുപോലെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുവാൻ കഴിയും വിധം ഇഷ്ടിക നിർമ്മാണത്തിനും ഹോളോബ്രിക്സ് നിർമ്മാണത്തിനുമുള്ള കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ശ്രമിക്കണം.

**24.4 ഹൗസിംഗ് ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ**:

ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡ് തലങ്ങളിൽ ഹൗസിംഗ് ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ (Housing Implementation Committees) രൂപീകരിക്കണം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ മുതലായ വരും കുടുംബശ്രീ ശൃംഖല, അക്കാദമിക് സ്ഥാപനങ്ങൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരെയും ഉൾപ്പെടുത്തിയാണ് ഹൗസിംഗ് ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ വാർഡ്തലത്തിൽ രൂപീകരിക്കേണ്ടത്. വീടുകളുടെ നിർമ്മാണം സ്വന്തമായി ഏറ്റെടുക്കുവാൻ പ്രാപ്തിയില്ലാത്ത പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും വേണ്ടുന്ന സഹായങ്ങൾ ഈ കമ്മിറ്റിയുടെ സഹകരണ ത്തോടെ കുടുംബശ്രീ ശൃംഖല മുഖേന നൽകേണ്ടതാണ്.

**25. തൊഴിലും വീടും ജനകീയ ക്യാമ്പയിൻ**

പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയാണെന്ന ബോധം തൊഴിലും വീടും ജനകീയ ക്യാമ്പയിനിലൂടെ സമൂഹത്തിലുണ്ടാക്കണം. തൊഴിലാളി സംഘടനകൾ, സന്നദ്ധ സംഘടനകൾ, സർവീസ് സംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ തുടങ്ങിയ ബഹുജന പ്രസ്ഥാനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും തൊഴിലുറപ്പു

പദ്ധതിയുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും വേണം.

**26. നിലവിലുള്ള മാർഗരേഖയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ**

അധിക മാർഗനിർദേശങ്ങളും നിലവിലുള്ള മാർഗരേഖയിൽ വരുത്തിയിട്ടുള്ള ഭേദഗതികളും മാറ്റമില്ലാത്ത മാർഗനിർദേശങ്ങളും കൂടി ഉൾപ്പെടുത്തിയ സമഗ്ര മാർഗനിർദേശങ്ങളാണ് മുകളിൽ 1 മുതൽ 25 വരെയുള്ള ഖണ്ഡികകളിൽ നൽകിയിട്ടുള്ളത്. നിലവിലുള്ള മാർഗരേഖയിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ മാത്രം അറിവിലേയ്ക്ക് മാർഗരേഖയുടെ അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്.

xxxxx

**അനുബന്ധം–1**

# ഇ.എം.എസ്. ഭവന പദ്ധതി

**ഫോറം. 1 : ഭവന രഹിതരുടെയും ഭൂരഹിത–ഭവന രഹിതരുടെയും എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെയും അന്തിമ പട്ടിക**

**ഗ്രാമപഞ്ചായത്ത്/നഗരസഭ:........................................**

**ബ്ലോക്ക്:..........................................** **ജില്ല:................................................**

**I ഭവന രഹിതർ**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നമ്പർ | പ്രത്യേക പരിഗണന അർഹിക്കുന്ന കുടുംബമാണെങ്കിൽ ആ വിവരം രേഖപ്പെടുത്തുക (C/A) |
|---|---|---|---|
| (1) | (2) | (3) | (4) |
| **(എ) പൊതുവിഭാഗം** | | | |
| 1 | | | |
| 2 | | | |
| | | | |
| **(ബി) പട്ടികജാതി** | | | |
| 1 | | | |
| 2 | | | |
| | | | |
| **(സി) പട്ടികവർഗ്ഗം** | | | |
| 1 | | | |
| 2 | | | |
| | | | |

C: ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബം

A: ആശ്രയ കുടംബം

**II ഭൂരഹിത– ഭവനരഹിതർ**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുംവിലാസവും | വാർഡ് നമ്പർ | പ്രത്യേക പരിഗണന അർഹിക്കുന്ന കുടുംബമാണെങ്കിൽ ആ വിവരം രേഖപ്പെടുത്തുക (C/A) | റെയിൽവേ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബമാണെങ്കിൽ വിവരം രേഖപ്പെടുത്തുക (റെയിൽവേ പുറമ്പോക്ക്/ റോഡ് പുറമ്പോക്ക്) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **(എ) പൊതുവിഭാഗം** | | | | |
| 1 | | | | |
| 2 | | | | |
| | | | | |
| **(ബി) പട്ടികജാതി** | | | | |
| 1 | | | | |
| 2 | | | | |
| | | | | |

| (സി) പട്ടികവർഗ്ഗം | | | | |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| | | | | |

C: ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബം

A: ആശ്രയ കുടംബം

### III എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നമ്പർ | പ്രത്യേക പരിഗണന അർഹിക്കുന്ന കുടുംബമാണെങ്കിൽ ആ വിവരം രേഖപ്പെടുത്തുക (C/A) |
|---|---|---|---|
| (1) | (2) | (3) | (4) |
| **(എ) പൊതുവിഭാഗം** | | | |
| 1 | | | |
| 2 | | | |
| | | | |
| **(ബി) പട്ടികജാതി** | | | |
| 1 | | | |
| 2 | | | |
| | | | |
| **(സി) പട്ടികവർഗ്ഗം** | | | |
| 1 | | | |
| 2 | | | |
| | | | |

C: ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബം

A: ആശ്രയ കുടംബം

സ്ഥലം: ഒപ്പ്:................................................

തീയതി: പേര്: (സെക്രട്ടറി):..........................

(ഓഫീസ് സീൽ)

## ഇ.എം.എസ്. ഭവന പദ്ധതി

**ഫോറം 2 : ഭവന രഹിതരുടെയും ഭൂരഹിത–ഭവന രഹിതരുടെയും എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെയും സംഗ്രഹം**

**ഗ്രാമപഞ്ചായത്ത്/നഗരസഭ:........................................**

**ബ്ലോക്ക്:...........................................** **ജില്ല:................................................**

(എണ്ണം)

| ക്രമ നം | ഇനം | പൊതു വിഭാഗം | പട്ടിക ജാതി | പട്ടിക വർഗം | ആകെ (3+4+5) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഭവന രഹിതർ മാത്രം | | | | |
| 2 | ഭൂരഹിത– ഭവന രഹിതർ മാത്രം | | | | |
| 3 | എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾ | | | | |

സ്ഥലം: ഒപ്പ്:...............................................

തീയതി: പേര്: (സെക്രട്ടറി):...........................

(ഓഫീസ് സീൽ)

# ഇ.എം.എസ് ഭവന പദ്ധതി

**ഫോറം 3 – അക്വയർ ചെയ്യുന്നതിനായി കണ്ടെത്തിയ ഭൂമിയുടെ അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിന് ആവശ്യമായ സർക്കാർ അനുമതിക്കായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നേരിട്ട് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ട വിവരങ്ങൾ**

തദ്ദേശഭരണ സ്ഥാപനം:................................................................ ഗ്രാമപഞ്ചായത്ത്/നഗരസഭ

ജില്ല:..........................................................................................

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | വില്ലേജിന്റെ പേര് | ഭൂമിയുടെ സ്ഥാനം (ബ്ലോക്ക് നമ്പർ, സർവേ നമ്പർ) | വിസ്തീർണ്ണം (ആർ) | ഏത് വ്യക്തിയുടെ/ വ്യക്തികളുടെ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ (പേരും പൂർണ്ണ വിലാസവും) | മതിപ്പ് വില (രൂപ) | മറ്റെന്തെങ്കിലും വിവരം റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ അവ രേഖപ്പെടുത്തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |

സ്ഥലം:

തീയതി: (ഓഫീസ് മുദ്ര)

ഒപ്പ് (സെക്രട്ടറി):.......................................

പേര് : ......................................

## ഇ.എം.എസ്. ഭവന പദ്ധതി

**ഫോറം 4 – മിച്ച ഭൂമി/പുറമ്പോക്ക് ഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമി അനുവദിച്ചുകിട്ടുന്നതിനായി പ്രോജക്ട് ഡയറക്ടർ/ജില്ലാമിഷൻ കോ–ഓർഡിനേറ്റർ മുഖേന ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ട വിവരങ്ങൾ**

തദ്ദേശഭരണ സ്ഥാപനം:................................................................ ഗ്രാമപഞ്ചായത്ത്/നഗരസഭ

ജില്ല:.......................................................................................

| ക്രമ നം | താലൂക്കിന്റെ പേര് | വില്ലേജിന്റെ പേര് | ഭൂമിയുടെ സ്ഥാനം (ബ്ലോക്ക് നമ്പർ, സർവേ നമ്പർ) | വിസ്തീർണ്ണം (ആർ) | ഭൂമിയുടെ തരം (മിച്ച ഭൂമി, പുറമ്പോക്ക്, സർക്കാർ ഭൂമി) | ഭൂമി ഇപ്പോൾ ഏതെങ്കിലും വ്യക്തിയുടെ/സ്ഥാപനത്തിന്റെ കൈവശത്തിലാണെങ്കിൽ ആ വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേരും വിലാസവും | മറ്റെന്തെങ്കിലും വിവരങ്ങൾ റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ അവ രേഖപ്പെടുത്തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |

കുറിപ്പ്: ഭൂമി അനുവദിച്ച് കിട്ടുന്നതിന് സർക്കാർതലത്തിൽ നടപടി ആവശ്യമാണെങ്കിൽ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് സർക്കാർ തലത്തിൽ നടപടി ആവശ്യമായിട്ടുള്ളത് എന്നതിന്റെയും എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നതിന്റെയും വിശദാംശങ്ങൾ പ്രോജക്ട് ഡയറക്ടർ/ജില്ലാമിഷൻ കോ–ഓർഡിനേറ്റർ തയ്യാറാക്കി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യണം. ഈ മാതൃകയിൽ തന്നെ വിശദാംശങ്ങൾ തയ്യാറാക്കാവുന്നതാണ്. സർക്കാർ അനുമതി ആവശ്യമായതിന്റെ വിവരങ്ങൾ അഭിപ്രായക്കുറിപ്പ് എന്ന കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്.

സ്ഥലം:

തീയതി:

ഒപ്പ്(സെക്രട്ടറി):................

പേര്:...........................

(ഓഫീസ് മുദ്ര)

## ഇ.എം.എസ്. ഭവന പദ്ധതി

**ഫോറം 5 – കൂടിയാലോചനയിലൂടെ വിലയ്ക്ക് വാങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെ വില നിശ്ചയിച്ചുനൽകുന്നതിനായി പ്രോജക്ട് ഡയറക്ടർ/ജില്ലാമിഷൻ കോ-ഓർഡിനേറ്റർ മുഖേന ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ട വിവരങ്ങൾ**

തദ്ദേശഭരണ സ്ഥാപനം:........................................................................ ഗ്രാമപഞ്ചായത്ത്/നഗരസഭ

ജില്ല:..........................................................................................

| ക്രമ നം | താലൂക്കിന്റെ പേര് | വില്ലേജിന്റെ പേര് | ഭൂമിയുടെ സ്ഥാനം (ബ്ലോക്ക് നമ്പർ, സർവേ നമ്പർ) | വിസ്തീർണ്ണം (ആർ) | ഏത് വ്യക്തിയുടെ/ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ (പേരും പൂർണ്ണ വിലാസവും) | ഉടമസ്ഥൻ ആവശ്യ പ്പെടുന്ന വില | മറ്റെന്തെങ്കിലും വിവരം റിപ്പോർട്ട് ചെയ്യാനുണ്ടെങ്കിൽ അവ രേഖപ്പെടുത്തുക | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |

കുറിപ്പ്: ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ നടപടി ആവശ്യമാണെങ്കിൽ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് സർക്കാർ തലത്തിൽ നടപടി ആവശ്യമായിട്ടുള്ളത് എന്നതിന്റെയും എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത് എന്നതിന്റെയും വിശദാംശങ്ങൾ പ്രോജക്ട് ഡയറക്ടർ/ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തയ്യാറാക്കി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യണം. ഈ മാതൃകയിൽ തന്നെ വിശദാംശങ്ങൾ തയ്യാറാക്കാവുന്നതാണ്. സർക്കാർ അനുമതി ആവശ്യമായതിന്റെ വിവരങ്ങൾ അഭിപ്രായക്കുറിപ്പ് എന്ന കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്.

സ്ഥലം: ഒപ്പ്(സെക്രട്ടറി):................

തീയതി: പേര്:...........................

(ഓഫീസ് മുദ്ര)

# ഇ.എം.എസ്. ഭവന പദ്ധതി

## ഫോറം 6 – വായ്പയെടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം രേഖപ്പെടുത്തേണ്ടതിന്റെ മാതൃക

**.......................................................... പഞ്ചായത്ത്/നഗരസഭ**

........................ തീയതിയിൽ നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ

..................ാം നമ്പർ തീരുമാനം

അജണ്ട : ഇ.എം.എസ് ഭവന പദ്ധതി നടത്തിപ്പിന് വായ്പയെടുക്കുന്നതും പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുന്നതും സംബന്ധിച്ച്.

തീരുമാനം : 2010–11 മുതൽ പത്തുവർഷങ്ങളിലായി ലഭിക്കുന്ന പൊതുവിഭാഗം വികസന ഫണ്ട് വിഹിതത്തിൽ നിന്ന് മുതൽ തിരിച്ചടയ്ക്കുന്ന രീതിയിൽ നിശ്ചിത നിബന്ധനകൾക്ക് വിധേയമായി ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് ഇ.എം.എസ്. ഭവന പദ്ധതി നടപ്പാക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആ പദ്ധതിക്ക് വായ്പയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യോഗം ചർച്ച ചെയ്തു.

അർഹതാ പരിശോധന നടത്തി അന്തിമമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

(എണ്ണം)

| ക്രമ നം. | വിഭാഗം | പൊതു വിഭാഗം | പട്ടിക ജാതി | പട്ടിക വർഗം | ആകെ |
|---|---|---|---|---|---|
| 1 | ഭൂരഹിത– ഭവനരഹിതർ | | | | |
| 2 | ഭവന രഹിതർ | | | | |
| 3 | എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി | | | | |

വായ്പയെടുക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും വായ്പാപരിധിയുടെയും അടിസ്ഥാനത്തിൽ കണക്കാക്കിയ തുക ചുവടെ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വായ്പയായി ലഭ്യമാക്കുന്നതിന് സന്നദ്ധമാണെന്ന് ................................................................................ ബാങ്കിന്റെ .............................................................. ബ്രാഞ്ച് മാനേജർ ...................... തീയതിയിലെ ............................................................ ...................... നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

(1) വായ്പ തുക : ............................................ രൂപ

(2) പലിശ നിരക്ക് : .................... %

(3) തിരിച്ചടവ് കാലയളവ്: ..................... വർഷം

മേൽ നിബന്ധനകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായതിനാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കിൽ നിന്നും ....................................... രൂപ (.................................................................................................................................. ..........................................................................................................രൂപ മാത്രം) വായ്പയെടുക്കു

ന്നതിനും 2010–11 മുതൽ ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ട് വിഹിതം വിനിയോഗിച്ച് ചുവടെ വിവരിക്കുന്ന രീതിയിൽ തിരിച്ചടയ്ക്കുന്നതിനും തീരുമാനിച്ചു.

(രൂപ തുകയിൽ)

| ക്രമ നം | വർഷം | മുതൽ | പലിശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2010-11 | | |
| 2 | 2011-12 | | |
| 3 | 2012-13 | | |
| 4 | 2013-14 | | |
| 5 | 2014-15 | | |
| 6 | 2015-16 | | |
| 7 | 2016-17 | | |
| 8 | 2017-18 | | |
| 9 | 2018-19 | | |
| 10 | 2019-20 | | |
| | ആകെ | | |

പലിശ അതത് വർഷം സർക്കാർ ബന്ധപ്പെട്ട ബാങ്കിന് നേരിട്ട് ലഭ്യമാക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. വായ്പയുടെ മുതൽ ഇനത്തിൽ തിരിച്ചടയ്ക്കേണ്ട തുക പഞ്ചായത്തിന്/നഗരസഭയ്ക്ക് സംസ്ഥാന ബജറ്റിന്റെ ഭാഗമായി അനുവദിക്കുന്ന പൊതുവിഭാഗം വികസഫണ്ട് വിഹിതത്തിൽ നിന്ന് മേൽ പട്ടികയിൽ നൽകിയിട്ടുള്ളത് പ്രകാരം അതത് വർഷം, കൺട്രോളിംഗ് ഓഫീസർ ഉറവിടത്തിൽ വച്ചു തന്നെ കുറവ് ചെയ്യുന്ന രീതി (deduction at source) അവലംബിച്ച്, കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും കേരള ലോക്കൽ അതോറിട്ടീസ് ലോൺ ആക്ട് (1963) പ്രകാരം വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാകയാൽ ഈ രീതിയിൽ വായ്പയെടുക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്) :

പ്രസിഡന്റ്:

ശരിപ്പകർപ്പ്

(ഒപ്പ്)
സെക്രട്ടറിയുടെ മുദ്ര

(ഒഫീസ് സീൽ)

## ഇ.എം.എസ് ഭവന പദ്ധതി

**ഫോറം–7 തദ്ദേശഭരണ സ്ഥാപനങ്ങൾ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ ഭൂമി അനുവദിക്കുകയോ ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുകയോ ചെയ്യുന്ന അവസരത്തിൽ ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് എഴുതി രജിസ്റ്റർ ചെയ്യേണ്ട കരാർ പത്രത്തിന്റെ മാതൃക.**

2009/2010 ......................... മാസം ......... –ാം തീയതി, 1185 .................. മാസം ...........–ാം തീയതി ........................................... താലൂക്ക് ....................................................... വില്ലേജിൽ ............................................... കര/മുറിയിൽ ............................................................ വീട്ടിൽ താമസം ...................................................................... മകൻ/മകൾ (ഇലക്ടറൽ കാർഡ് നമ്പർ .............................) .......... വയസ്, സ്വയംതൊഴിൽ/ഗാർഹിക ജോലി ............................................................................................................................................ ............................................................................................................................ (പൂർണ്ണ മേൽവിലാസം) ................................................ (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്) സെക്രട്ടറി പേർക്ക് എഴുതി ഒപ്പിട്ട് കൊടുക്കുന്ന കരാർ പത്രം.

എനിക്ക് ................................................... (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്) മുഖേന കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം ................................... രൂപയുടെ (........................................................................................ .................. ....................................രൂപ മാത്രം) ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ട്. ടി പദ്ധതിപ്രകാരമുള്ള ധനസഹായം കൈപ്പറ്റുന്നതിനുമുമ്പായി ടി ധനസഹായം ഉപയോഗിച്ച് ഭവനം പണിയാനുദ്ദേശിക്കുന്ന എന്റെ ഉടമസ്ഥതയിലുള്ള സ്ഥലം 10 വർഷത്തേക്ക് (പത്ത് വർഷത്തേക്ക്) യാതൊരുവിധ കരണങ്ങളും ജനിപ്പിച്ച് അന്യാധീനപ്പെടുത്തുകയോ, കൈമാറുകയോ ചെയ്യുകയില്ലെന്നുള്ള സമ്മതം രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു കരാർ പത്രം എഴുതി ഒപ്പിട്ട് രജിസ്റ്റർ ചെയ്ത് ഹാജരാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ................................................................. സബ്‌രജിസ്ട്രാർ ആഫീസുവക ............................... ആണ്ടിലെ .........–ാം പുസ്തകം ........... –ാം വാല്യം ........... മുതൽ .......................വരെ വശങ്ങളിൽ .................................. നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ട ആധാരപ്രകാരം എനിക്ക് സിദ്ധിച്ച എന്റെ ഉടമസ്ഥതയിലും കൈവശാനുഭവത്തിലുമുള്ള താഴെ പട്ടികയിൽ വിവരിക്കുന്ന സ്ഥലവും അതിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വീടും ഞാനോ, എന്റെ പിൻതുടർച്ചാവകാശികളോ 10 വർഷത്തേക്ക് (പത്ത് വർഷത്തേക്ക്) യാതൊരുവിധ കരണങ്ങളും ജനിപ്പിച്ച് അന്യാധീനപ്പെടുത്തുകയോ കൈമാറുകയോ ചെയ്യുകയില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുകയും സമ്മതിക്കുകയും കരാർ ചെയ്യുകയും ഈ കരാർപത്രത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വല്ല കരണങ്ങളും ജനിപ്പിക്കപ്പെട്ടാൽ അത്തരം കരണങ്ങൾക്ക് നിയമസാധുത ഉണ്ടായിരി ക്കുന്നതല്ലെന്ന് കരാർ ചെയ്യുകയും ചെയ്തിരിക്കുന്നു. എസ്.ആർ.ഒ. 612/2009, 613/2009 നമ്പരുകളായി 16.07.2009 തീയതിയിലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച 16.07.2009 തീയതിയിലെ ജി.ഒ.(പി) നമ്പർ 129/2009/ടി.ഡി. ഉത്തരവുപ്രകാരം ഈ കരണത്തിനുവേണ്ടുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുള്ളതാകുന്നു.

## വസ്തുവിവരപ്പട്ടിക

| | | | |
|---|---|---|---|
| 1 | ക്രമനമ്പർ | | |
| 2 | ഡിസ്ട്രിക്ട് | | |
| 3 | സബ്ഡിസ്ട്രിക്ട് | | |
| 4 | താലൂക്ക് | | |
| 5 | വില്ലേജ് | | |
| 6 | കര | | |
| 7 | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി, വാർഡുനമ്പർ | | |
| 8 | റീസർവേ ബ്ലോക്ക് നമ്പർ | | |
| 9 | റീസർവേ നമ്പർ | | |
| 10 | റീസർവേ സബ്ഡിവിഷൻ നമ്പർ | | |
| 11 | പഴയ സർവേ നമ്പർ | | |
| 12 | പഴയ സർവേ സബ്ഡിവിഷൻ നമ്പർ | | |
| 13 | വിസ്തീർണ്ണം–സെന്റ്, ച. ലിംഗ്സ് | | |
| 14 | വിസ്തീർണ്ണം–ആർ, ച. മീറ്റർ | | |
| 15 | അവകാശത്തിന്റെ സ്വഭാവം, ഭൂമിയുടെ തരം | | |
| 16 | വസ്തുവിന്റെ വിവരണം | | |
| 17 | അതിരുകൾ | കിഴക്ക് | |
| | | വടക്ക് | |
| | | പടിഞ്ഞാറ് | |
| | | തെക്ക് | |

മേൽപ്രകാരമെല്ലാം സമ്മതിച്ച് താഴെ പറയുന്ന സാക്ഷികൾ മുമ്പാകെവച്ച് ഞാനും എന്റെ മുമ്പാകെ വച്ച് സാക്ഷികളും മേൽപറഞ്ഞ തീയതിയായ ഇന്നേദിവസം ഈ കരാർ പത്രത്തിൽ ഒപ്പിട്ടിരിക്കുന്നു.

എഴുതി ഒപ്പിട്ടുകൊടുത്ത

സാക്ഷികൾ:

1)

2)

ഈ കരാർപത്രാധാരം കമ്പ്യൂട്ടർ മുദ്രണം ചെയ്തിരിക്കുന്നു.

ഇതിൽ വെട്ടുതിരുത്തില്ല/ഇന്ന വശം (പേജ്), ഇന്ന വരിയിൽ ഇന്നതു കഴിഞ്ഞു ഇന്നത് വെട്ടി അല്ലെങ്കിൽ ഇന്നത് തിരുത്തി.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ എഴുതിക്കൊടുക്കുന്ന കരണങ്ങളെ 1960–ലെ കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 6–ലെ വ്യവസ്ഥകളുടെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ കരാർപത്രം ആധാരമെഴുത്ത് ലൈസൻസി തന്നെ തയ്യാറാക്കണമെന്നില്ല.

# നിലവിലുള്ള മാർഗരേഖയിൽ വരുത്തിയിട്ടുള്ള ഭേഗതികൾ

**1. അർഹതാ പരിശോധനയുടെ ഭാഗമായുള്ള സൂപ്പർചെക്ക്**

1.1 ആദ്യഘട്ട സൂപ്പർചെക്കിനുള്ള ചുമതല നൽകേണ്ട ഉദ്യോഗസ്ഥരുടെ പട്ടികയിൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി, ഡി.ഡി.പി.ഒ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ, ജോയിന്റ് ബി.ഡി.ഒ (റൂറൽ ഹൗസിംഗ്) എന്നിവരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1.2 നഗരസഭകളുടെ കാര്യത്തിൽ ആദ്യ ഘട്ട സൂപ്പർചെക്കിനുള്ള ചുമതല കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ എന്നിവർക്ക് നൽകിയിട്ടുണ്ട്.

1.3 രണ്ടാംഘട്ട സൂപ്പർചെക്ക് നടത്തേണ്ട ഉദ്യോഗസ്ഥരുടെ പട്ടികയിൽ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ/ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന മറ്റ് ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2. **ഗുണഭോക്താക്കളുടെ മുൻഗണന:–** ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ബി.പി.എൽ. കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ള വ്യവസ്ഥ ചുവടെ വിവരിക്കുന്നത് പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. വായ്പാ തുക ഉൾപ്പെടെ ലഭ്യമാകുന്ന തുക വിനിയോഗിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതില്ല. പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ ബി.പി.എൽ. മാർക്കിന്റെ അടിസ്ഥാനത്തിലോ വ്യക്തമായി നിർണ്ണയിക്കാൻ കഴിയുന്നതും സുതാര്യമായതുമായ മാനദണ്ഡങ്ങളും അവയുടെ മാർക്കും നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിലോ മുൻഗണനാ പട്ടിക തയ്യാറാക്കണം.

3. **ഭൂമിയുടെ വിസ്തൃതി:–** ഗുണഭോക്താവ് ഭൂമി നേരിട്ട് വാങ്ങുന്ന അവസരത്തിൽ ഭൂമിയുടെ വിസ്തൃതി ഗ്രാമപ്രദേശങ്ങളിൽ രണ്ട് മുതൽ നാല് സെന്റ് വരെയും നഗരപ്രദേശങ്ങളിൽ ഒന്നര മുതൽ നാല് സെന്റ് വരെയും ആണെങ്കിൽ ആധാര പ്രകാരമുള്ള വില അനുവദനീയമായ പരമാവധി തുകയിൽ പരിമിതപ്പെടുത്തി ധനസഹായമായി അനുവദിക്കാവുന്നതാണ്. നാല് സെന്റിൽ കൂടുതൽ ഭൂമി വിലയ്ക്ക് വാങ്ങുകയാണെങ്കിൽ ആധാര പ്രകാരമുള്ള വിലയെ അടിസ്ഥാനമാക്കി നാല് സെന്റിന് ആനുപാതികമായ വിലയോ അനുവദനീയമായ പരമാവധി ധനസഹായമോ ഏതാണോ കുറവ് അതു മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

4. **ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി**

01.01.2009–ലെ 192/ഡി.ബി.1/2009/തസ്വഭവ നമ്പർ സർക്കുലറിലെ ഖണ്ഡിക 4.5.2 പ്രകാരമുള്ള കമ്മിറ്റി ഒഴിവാക്കി പകരം ജില്ലാതല പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിക്ക് മോണിറ്ററിംഗ് ചുമതല നൽകിയിട്ടുണ്ട്. ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്ന യോഗത്തിലേയ്ക്ക് ബന്ധപ്പെട്ട തഹസീൽദാർമാരെ ക്ഷണിക്കാവുന്നതാണ്.

5. **വീടും സ്ഥലവും അന്യാധീനപ്പെടുത്തുന്നത് ഒഴിവാക്കൽ:-** തദ്ദേശഭരണ സ്ഥാപനം ഭൂമി അനുവദിക്കുകയോ തദ്ദേശഭരണ സ്ഥാപനം നൽകുന്ന ധനസഹായം വിനിയോഗിച്ച് ഗുണഭോക്താവ് ഭൂമി വാങ്ങുകയോ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുകയോ ചെയ്യുന്ന അവസരത്തിൽ ഭൂമിയുടെ ഉടമസ്ഥത 12 വർഷത്തേയ്ക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. അന്യാധീന പ്പെടുത്തലും കൈമാറ്റവും 10 വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് സെക്രട്ടറിയുടെ പേർക്ക് ഒരു കരാർ പത്രം എഴുതി സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്താൽ മതിയാകുമെന്ന രീതിയിൽ നടപടിക്രമങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.

6. **അനുബന്ധ സൗകര്യങ്ങൾ**

   6.1 ശുചിത്വ കക്കൂസ് :- സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുകയോ ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിന് ഉപരിയായി അനുവദനീയമായ സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നൽകുകയോ വേണം.

   6.2 പുകയില്ലാത്ത അടുപ്പ്:- ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (ANERT) എല്ലാ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകൾ (fixed /portable) ലഭ്യമാക്കുന്നതാണ്.

   6.3 മേൽക്കൂര മഴവെള്ള സംഭരണം, കുടിവെള്ളം:- തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ഇപ്പോൾ തന്നെ ഏർപ്പെടുത്തുകയോ 2010-11 മുതലുള്ള വാർഷിക പദ്ധതികളുടെ ഭാഗമായി ഏർപ്പെടുത്തുകയോ വേണം.

   6.4 വൈദ്യുതീകരണം:- ഭവനനിർമ്മാണത്തിന് ലഭിക്കുന്ന ധനസഹായത്തിൽ നിന്ന് വൈദ്യുതീകരണ ചെലവും വഹിക്കണം.

7. **വായ്പാ പരിധി**:- 2009-10 മുതൽ 2018-19 വരെ പത്ത് വർഷക്കാലയളവിൽ ലഭിക്കുന്ന വികസന ഫണ്ടിന്റെ 15 ശതമാനം വരെ വായ്പയെടുക്കാമെന്നുള്ള വ്യവസ്ഥ 2009-10 ൽ അർഹതപ്പെട്ട വിഹിതത്തിന്റെ 15 ശതമാനത്തിന് തുല്യമായ തുകയുടെ 10 മടങ്ങായിരിക്കുമെന്ന രീതിയിൽ ഭേദഗതി ചെയ്തിട്ടുണ്ട്.

8. **വായ്പാ തിരിച്ചടവ്:-** തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കാൻ ആയിനത്തിലെ മിച്ചം തുകയും വിനിയോഗിക്കാമെന്നുള്ള വവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. തിരിച്ചടയ്ക്കേണ്ട തുക പൊതുവിഭാഗം വികസനഫണ്ടിൽ നിന്നായിരിക്കും സർക്കാർ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്നത്.

9. **വായ്പയുടെ പലിശ**:- നിലവിലുള്ള ഭരണ സമിതിയുടെ കാലയളവിൽ തിരിച്ചടവ് പൂർണ്ണമാകുന്ന തരത്തിൽ വായ്പയെടുക്കാൻ സർക്കാർ ആദ്യം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതിനകം വായ്പയെടുത്ത് നടപ്പാക്കി വരുന്ന ഭവനപദ്ധതികൾ, സമ്പൂർണ്ണ ഭവനപദ്ധതികളാണെങ്കിൽ മാത്രമേ അവയുടെ പലിശ സർക്കാർ വഹിക്കുകയുള്ളൂവെന്ന നിബന്ധന ഭേദഗതി ചെയ്തിട്ടുണ്ട്. അത്തരം പദ്ധതികൾ സമ്പൂർണ്ണ ഭവനപദ്ധതികളല്ലെങ്കിൽ പോലും പലിശ സർക്കാർ വഹിക്കുന്നതാണ്.

10. **പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റികൾ**

   10.1 സംസ്ഥാനതല കമ്മിറ്റിയിൽ സഹകരണസംഘം രജ്സ്ട്രാർ, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

10.2 ജില്ലാതല കമ്മിറ്റിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ജനകീയാസൂത്രണ ജില്ലാ കോ-ഓർഡിനേറ്റർ/കില ഹെൽപ്പ് ഡെസ്ക്ക് ജില്ലാ കൺവീനർ എന്നിവരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

10.3 ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല കമ്മിറ്റിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള കില ഹെൽപ്പ്ഡെസ്ക് അംഗം, യുവശക്തി പദ്ധതിയുടെ യൂത്ത് കോ-ഓർഡിനേറ്റർ എന്നിവരെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

11. **സന്നദ്ധ സാങ്കേതിക ഗ്രൂപ്പുകൾ:-** ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത്/ നഗരസഭാ തലത്തിലും രൂപീകരിക്കേണ്ട ഗ്രൂപ്പുകളിലെ അംഗങ്ങളുടെ കുറഞ്ഞ അംഗസംഖ്യ യഥാക്രമം 10-ഉം 5-ഉം ആയി നിശ്ചയിച്ചിട്ടുണ്ട്.

12. **അക്രഡിറ്റഡ് ഏജൻസികളെ കണ്ടെത്തൽ:-** ജില്ലാതലത്തിൽ അക്രഡിറ്റഡ് ഏജൻസികളെ നിശ്ചയിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

****

**കേരള സർക്കാർ**

നമ്പർ.92/ഡി.ബി.1/17/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 25/05/2017

# സർക്കുലർ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്-കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് -സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/03/2017 ലെ 2.12ാംനം തീരുമാനം.

.....................

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്, ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, ഇതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രത്യേകമായി അന്വേഷിച്ച്, അനുവാദം നൽകുന്നതിന് സൂചന പ്രകാരം തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രേഖകൾ പരിശോധിച്ച്, ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം, കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയ ശേഷം, അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

1) ഗുണഭോക്താവ് തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ഒപ്പ് വച്ചിട്ടുള്ള ഉടമ്പടിയുടെ പകർപ്പും വീട് വിൽക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകളും സഹിതമുള്ള അപേക്ഷ
2) അപേക്ഷയുടെ സാധുത പരിശോധിച്ച്, ശുപാർശ ചെയ്തുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം
3) അപേക്ഷകൻ വീട് വിറ്റതിനുശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന രേഖയിൻമേലുള്ള നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുമുള്ള റിപ്പോർട്ട്
4) അപേക്ഷകൻ സമർപ്പിക്കുന്ന രേഖകൾ സത്യമാണെന്നും ഭാവിയിൽ സർക്കാർ നൽകുന്ന ഭവന സബ് സിഡികൾക്ക് അപേക്ഷകൻ അർഹനായിരിക്കില്ലെന്ന് ബോധിപ്പിക്കുന്ന സത്യവാങ്മൂലം.
5) കരാർ റദ്ദ് ചെയ്തു നല്കുന്നതിനു മുമ്പായി അപേക്ഷകനു നല്കിയിട്ടുള്ള ധനസഹായം 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.
6) കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നല്കേണ്ടതും LIFE മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രഫോർമ തയ്യാറാക്കി എല്ലാ ജില്ലാ കളക്ടർമാർക്കും നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

വി.കെ.ബേബി ഐ.എ.എസ്
ഗവ.സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ല കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ